# കാഗസ്

EXPEDITIA 23 MAGAZINE






## മുരുട് ; ജഞ്ചിറയുടെ വിസ്മയങ്ങൾ

**ഹാശിർ കുട്ടോത്ത്**

പതിനഞ്ചാം നൂറ്റാണ്ടിൽ മുക്കുവരായ ആളുകളാണ് ദ്വീപിൽ ജഞ്ചിറ കോട്ട നിർമ്മിച്ചത്. ഇന്ന് ഇന്ത്യയിലുള്ളതിൽ ഏറ്റവും കരുത്തുറ്റ കോട്ടയായി ഇത് അറിയപ്പെടുന്നു.




## സയ്യിദ് ഹാജി അബ്ദുറഹ്മാൻ ഷാഹ് ഖാദിരി (റ)

**ആദിൽ ആറളം**

വിനോദങ്ങൾ വിസ്മയങ്ങളാണ്, അവശതകളിൽ തെളിനീരാണ്, നാഥന്റെ അത്ഭുദങ്ങളെ മനസ്സിലാക്കലാണ്. കെട്ടുറപ്പുള്ള ഓർമ്മകളെ നമുക്കത് സമ്മാനിക്കുന്നു.




## സ്മാരക ശി
## തണലിൽ

**അനസ് വെള്ളൂക്കര**

ബ്രിട്ടിഷ് ഭരണകാലത്തിന
ന്റെയും സ്മരണകൾ ഉണ
ഉയരമുള്ള ഈ കമാനം ബ്ര
അഞ്ചാമൻ രാജാവിന്റെയു
1911ലെ ഇന്ത്യാസന്ദർശനത്ത
ക്കായി നിർമിച്ചതാണ്

---

പബ്ലിഷേഴ്സ് : **അദീബ് നരിക്കുനി, ഹസീബ് പാലേരി**
ചീഫ് എഡിറ്റർ : **ഷറഫുദ്ദീൻ സി കെ**
സബ് എഡിറ്റേഴ്സ് : **ഷഹീർ ഉളിയിൽ, ആദിൽ ആറളം, ജാദുൽ ഹഖ്**
കവർ&ലേ ഔട്ട് : **അദീബ് നരിക്കുനി**
ചിത്രങ്ങൾ : **അദീബ് നരിക്കുനി, ഷറഫുദ്ദീൻ സി കെ, സ്വാലിഹ് പള്ളിയത്ത്**









## ിലയുടെ

ന്റയും സ്വാതന്ത്ര്യത്തി
ർത്തുന്ന 86 അടി
ിട്ടനിലെ ജോർജ്
ും രാജ്ഞിയുടെയും
തിന്റെ സ്മരണയ്

## ആലിയയും കൃതിയും : ബോംബെ നഗരത്തിലെ മുഖങ്ങൾ

അൽത്വാഫ് കോളിത്തട്ട്

## പർച്ചേഴ്സ് ചെയ്തെടുത്ത അനുഭവങ്ങൾ

മുഹമ്മദ് എളമ്പിലാട്

സൗത്ത് മുംബൈയിൽ സ്ഥിതി ചെയ്യുന്ന പ്രശസ്തമായ സ്ട്രീറ്റ് ഫുഡ് ഏരിയയാണ് മുഹമ്മദ് അലി ഫുഡ് സ്ട്രീറ്റ് .

---

HIDA
Huda Islamic Da'wa
Students' Association

Sirajul Huda College of
Integrated Studies
Kuttiady, Calicut, Kerala 673 508

جامعة سراج الهدى




വിനോദങ്ങൾ വിസ്മയങ്ങളാണ്,
അവശതകളിൽ തെളിനീരാണ്,
നാഥന്റെ അത്ഭുതങ്ങളെ മന
സ്സിലാക്കലാണ്, കെട്ടുറപ്പുള്ള
ഓർമകളെ നമുക്കത് സമ്മാനി ക്കുന്നു.


പട്ടിണിയുടെ നട്ടുച്ചകളിൽ ഭക്ഷണ
പ്പൊതി നീട്ടിക്കൊടുക്കുമ്പോൾ
വിരിയുന്ന പുഞ്ചിരിയുടെ സൗന്ദര്യം
വിവരിക്കാൻ കഴിയില്ല. യാത്രകളി ൽ
നിന്ന് മാത്രം ലഭിക്കുന്ന ചില നി മി
ഷങ്ങളുണ്ട്. അതിനെ തേടിയാവണം
നമ്മുടെ ഓരോ യാത്രകളും...




# യാത്ര !! നിലക്കാതെ ഒഴുകുന്ന പുഴ കണക്കെ..

● ഉസ്താദ് സയ്യിദ് സൈനുൽ ആബിദ് സുറൈജി

ജീവിത പ്രയാണത്തിൽ മധുരിതമായ ഓർമ്മകൾ സമ്മാനിക്കുന്ന ഒന്നാണ് യാത്രകൾ. വിശേഷിച്ചും സിയാറത്ത്, പഠന യാത്രകൾ. ഒഴുകുന്ന വെള്ളത്തോടാണ് മഹാന്മാർ യാത്ര ചെയ്യുന്നവരെ ഉപമിച്ചത് എന്നതിൽ നിന്ന് തന്നെ യാത്രയുടെ പ്രാധാന്യം ഗ്രഹിക്കാനാകും. കെട്ടി നിൽക്കുന്ന വെള്ളം എളുപ്പം കേടുവന്ന് ഉപയോഗ ശ്യൂന്യമാകുന്നത്

പോലെ യാത്ര ചെയ്യാതെ ഒരിടത്തു തന്നെ ജീവിത കാലം തളച്ചിടുന്നവർ പൊതുവെ അന്ധർമുഖരും അനുഭവങ്ങൾ കുറഞ്ഞവരുമായിരിക്കും. തന്റെ ചുറ്റുപാടിൽനിന്ന് വിഭിന്നമായ ദേശങ്ങളെ കുറിച്ചോ മനുഷ്യരെ കുറിച്ചോ കൃത്യമായ അറിവില്ലാതെ മിഥ്യാ ധാരണകൾ വെച്ചുപുലർത്തുകയും ഇതിനപ്പുറമുള്ളതെല്ലാം കൊള്ളരുതാത്തതാണെന്ന തീർപ്പിലെത്തുന്നതും കാണാനാവും.

ഇതെഴുതുന്നത് 4 ദിവസമായി സിറാജുൽ ഹുദയിൽ നിന്നും പുറപ്പെട്ട മുംബൈ- പൂനെ സിയാറത്ത് യാത്രയുടെ തിരിച്ചുവരവിൽ ആണ്. അല്പമെങ്കിലും വിരസത തോന്നിയ ദീർഘ നേരമുള്ള ട്രെയിൻ യാത്ര ഒഴിവാക്കിയാൽ തുടക്കം മുതൽ അവസാനം വരെ ആനന്ദകരമായ യാത്രയായിരുന്നു.വടകരയിൽ നിന്ന് തുടങ്ങാൻ ഉദ്ദേശിച്ച ട്രെയിൻ യാത്ര യാന്ത്രിക

**ഒഴുകുന്ന വെള്ളത്തോടാണ് മഹാന്മാർ യാത്ര ചെയ്യുന്നവരെ ഉപമിച്ചത് എന്നതിൽ നിന്ന് തന്നെ യാത്രയുടെ പ്രാധാന്യം ഗ്രഹിക്കാനാകും. കെട്ടി നിൽക്കുന്ന വെള്ളം എളുപ്പം കേടുവന്ന് ഉപയോഗ ശ്യൂന്യമാകുന്നത് പോലെ യാത്ര ചെയ്യാതെ ഒരിടത്തു തന്നെ ജീവിത കാലം തളച്ചിടുന്നവർ പൊതുവേ അന്ധർമുഖരും അനുഭവങ്ങൾ കുറഞ്ഞവരുമായിരിക്കും.**

മെന്നോണം കോഴിക്കോട് നിന്നായതും, ബോംബെ **ticket** എടുത്ത ഒരാൾ കർണാടക യാത്ര നടത്തേണ്ടിവന്നതും പുതിയ ചില പാഠങ്ങൾ നൽകുന്ന അനുഭവം ആയിരുന്നു. കൂട്ടമായി യാത്ര ചെയ്യുമ്പോൾ പൊതുവെയുള്ള അശ്രദ്ധ ട്രെയിൻ യാത്രയിലാവുമ്പോൾ വലിയ നഷ്ടങ്ങൽക്ക് കാരണമായേക്കുമെന്ന തിരിച്ചറിവ് തുടക്കം തന്നെ ലഭിച്ചത് യാത്രയിലുടനീളം ഉപകാരപ്പെട്ടു.

ജെഞ്ചിര ഫോർട്ടിൽ നിന്നും തുടങ്ങി മുംബൈയുടെ ഹൃദയഭാഗങ്ങളിലൂടെയുള്ള ആദ്യദിന യാത്ര എന്ത്കൊണ്ടും ഹൃദ്യമായിരുന്നു. പേർഷ്യൻ കരകൗശല മാതൃകയിൽ രൂപപ്പെടുത്തിയ കോട്ടകളും കൊട്ടാരങ്ങളും കമാനങ്ങളും ഇന്ത്യയിലെ മുസ്ലിംകളുടെ പ്രൗഢമായ ഭൂതകാലത്തെ നമുക്ക് മുന്നിൽ വരച്ചിടുന്നുണ്ട്. അധികാരത്തിനപ്പുറം ആത്മീയാചാര്യൻമാരുടെ തെളിമയാർന്ന ജീവിതവും സ്നേഹമസൃണമായ ഇടപെടലും സമൂഹത്തിന്റെ നാനാവിധ ഉന്നമനം ലക്ഷ്യമാക്കിയുള്ള സേവന പ്രവർത്തനങ്ങളുമാണ് പൗരാണിക ഇന്ത്യയുടെ യശസ്സ് വാനോളം ഉയർത്തിയത് എന്ന് കാണാം. ഇന്ത്യയുടെ വാണിജ്യ തലസ്ഥാനമായി ബോംബെ മാറിയതിനു പിന്നിലുള്ള മുസ്ലിം വണിക്കുകളുടെ പങ്കും നിസ്തുലമാണ്.

ഡൽഹിയിലെയും മുംബൈയിലെയും ഭരണാധികാരികൾക്ക് കൃത്യമായ ദിശ നിർണയിച്ചു നൽകിയ മഹാത്മാക്കളുടെ മസാറുകൾ ഇന്നും ആയിരങ്ങളുടെ അഭയ കേന്ദ്രങ്ങളാണ്. വഫാത്തിന്റെ ദശാബ്ദങ്ങൾക്ക് ശേഷവും ജനഹൃദയങ്ങളിൽ ഒളിമങ്ങാത്ത ഓർമകളായി ജ്വലിച്ചു നിൽക്കുന്ന ആ പുണ്യാത്മാക്കൾ കലുഷ്യങ്ങളിൽ എരിയുന്ന വ്രണിത മാനസർക്ക് കാലങ്ങളേറെയായി സാന്ത്വനത്തിന്റെ കുളിരേകി കൊണ്ടിരിക്കുന്നു. മുംബൈയിലും പരിസര പ്രദേശങ്ങളിലും അന്തിയുറങ്ങുന്ന മഹത്തുക്കളിൽ പലരുടെയും പേരുകളിൽ ആണ് ആ സ്ഥലങ്ങളും അറിയപ്പെടുന്നത് എന്നതു തന്നെ അവരുടെ പ്രശസ്തിയെ വരച്ചിടുന്നുണ്ട്. ഹസ്രത്ത് മാഹിം ദർഗ,ഹാജി അലി ദർഗ എന്നിവ അവയിൽ പ്രധാപ്പെട്ട ചിലതാണ്.

ഓർമയിൽ വന്ന ചില കാര്യങ്ങൾ ഇവിടെ കുറിച്ചതാണ്.ഇനിയും ധാരാളം ഓർക്കാനും പറയാനും ഉണ്ട്. വരും താളുകളിൽ ഉണ്ടാവുമെന്ന പ്രതീക്ഷയോടെ..





# ചിതലരിക്കാത്ത ഓർമ്മകൾ

• റിയാസ് മാസ്റ്റർ

കടന്ന് പോയ യുഗങ്ങളെയും യുഗങ്ങളിൽ സാക്ഷ്യപ്പെടുത്തിയ മഹാരഥന്മാരെയും അവഗണിച്ച് കൊണ്ട് മുന്നോട്ടുള്ള ഗമനം സാധ്യമല്ലെന്ന ഓർമ്മപ്പെടുത്തലാണ് മുംബൈയും നഗര വഴികളും വരച്ച് കാട്ടുന്നത്.. വഴികൾ നടന്ന് നീങ്ങുമ്പോൾ മുന്നിൽ തെളിയുന്ന പ്രദേശങ്ങളൊക്കെയും മഹാമനീഷികളുടെ പേരുകൾ കൊത്തിവെക്കപ്പെട്ട വയായിരുന്നു. ബി എഡ് കാലത്തെ ഓരോർമ്മ പുസ്തകം മനസ്സിലേക്ക് തുറന്ന് വന്നു.. 'ചിതലരിക്കാത്ത ചിലത്'.. മാഗസിനിന്റെ പേ ര് തന്നെ ആ ഓർമ്മകൾക്ക് ബലമേകുന്നുണ്ട്. അധ്യാപക ജീവിത വഴികളിലാദ്യമായാണ് മതവിദ്യാർത്ഥികൾക്കൊപ്പം യാത്രക്കൊരുങ്ങുന്നത്.. സ്വയം നിയന്ത്രിതരായവരോടൊപ്പമുള്ള യാത്രാനുഭവങ്ങൾ ചിതലരിക്കാത്ത ചിലതിനോ ടൊപ്പം ഹൃദയത്തിൽ പതിഞ്ഞിട്ടുണ്ട്..

നാടും നഗരവും ചരിത്രവും ജീവിതവും ഇമ വെട്ടാതെ കണ്ടു നിന്നു.. കടലിന് നടുവിൽ തല ഉയർത്തി വാഴുന്ന ജെഞ്ചിരഫോർട്ടിനോടുള്ള സംരക്ഷരുടെ അവഗണന വേദന നിറച്ചു.. ഒരു പക്ഷേ, അവിടുത്തെ കാറ്റ് അതറിഞ്ഞിട്ടുണ്ടാകും..

Rajiv Gandhi Zoological Park ൽ വിദ്യാർത്ഥികൾക്കായ് അധികാരകളോട് സംസാരിച്ച് പ്രവശന തുകയ്ക്ക് പ രിഹാരം കണ്ടതും, പഠന ത്തെയും കോളേജിനെയും വശ്യമായി വിവരിച്ചപ്പോൾ അവരുടെ മുഖങ്ങളിൽ നിറഞ്ഞ കൗതുകവും, ലഭിച്ച ആദരവും സന്തോഷം നിറച്ചു....

തീവണ്ടി യാത്രകളിൽ കണ്ട വക്കീലന്മാർ,അവരോട് നടത്തിയ വർത്തമാനങ്ങൾ, ഇന്ത്യയെ കുറിച്ച് എന്നോട് പുകഴ്ത്തിയ വിദേശികൾ, യാത്രകൾ സമ്മാനിച്ച വെല്ലുവിളികളെ അതിജയിച്ചതിന്റെ അനുഭൂതി, ആത്മനിർവൃതിയുടെ ദർഗകളെല്ലാം കെടാതെ നിൽപ്പുണ്ട് (The sacred resting places of great souls).

കൂട്ടം തെറ്റിക്കിടക്കുന്ന തെരുവുകൾ.. രുചിയനുഭവങ്ങളുടെ വിഭവങ്ങൾ.. അടക്കം പാലിക്കാൻ പാട് പെടുന്ന ജീവിതങ്ങൾ എല്ലാത്തിനും നടുവിൽ ഒരു സാക്ഷിയായ് ഞാനും..

**"**

**കൂട്ടം തെറ്റിക്കിട ക്കുന്ന തെരുവുകൾ.. രുചിയനുഭവങ്ങളുടെ വിഭവങ്ങൾ.. അടക്കം പാലിക്കാൻ പാട് പെടുന്ന ജീവിതങ്ങൾ എല്ലാത്തിനും നടുവിൽ ഒരു സാക്ഷിയായ് ഞാനും..**

ഹാശിർ കുട്ടോത്ത്

# മുരുട് ; ജഞ്ചിറയുടെ വിസ്മയങ്ങൾ

പതിനഞ്ചാം നൂറ്റാണ്ടിൽ മുക്കുവരായ ആളുകളാണ് ദ്വീപിൽ ജഞ്ചിറ കോട്ട നിർമ്മിച്ചത്. ഇന്ന് ഇന്ത്യയിലുള്ളതിൽ ഏറ്റവും കരുത്തുറ്റ കോട്ടയായി ഇത് അറിയപ്പെടുന്നു.



അതിജീവനത്തിനും ഉപജീവനത്തിനും വേണ്ടിയുള്ള നിരന്തരമായ യാത്രകളുടെ ചരിത്രമാണ് മനുഷ്യൻ. അരക്ഷിതത്വത്തിന്റെ ഭീതിതമായ അവസ്ഥകളിലൂടെ തന്നെയാണ് മനുഷ്യന്റെ ജീവിതം കടന്നുപോകുന്നതെങ്കിലും അസ്വസ്ഥമായ യാത്ര കൾക്ക് കുറച്ചൊക്കെ ശമനം കിട്ടിത്തുടങ്ങിയിട്ടുണ്ടെന്ന് പറയാം.
ജീവിതത്തിന്റെ മെച്ചപ്പെട്ട നിലകൾ പാകപ്പെടുത്തിയെടുക്കുക, പുതിയ ജീവിതാനുഭവങ്ങൾ മനസ്സിലാക്കിയെടുക്കുക എന്നതൊക്കെയാവണം ഓരോ യാത്രകളുടെയും അടിസ്ഥാന ലക്ഷ്യം
ഇത്തരം ദൗത്യങ്ങളുടെ പൂർത്തീകരണമായിരുന്നു ഈ വർഷത്തെ മുംബൈ യാത്ര അടയാളപ്പെടുത്തിയത്.

കോഴിക്കോട് നിന്നും തുടങ്ങിയ തീവണ്ടി യാത്ര സാപെ വാമിൽ അവസാനിച്ചു.
ദീർഘമായ തീവണ്ടി യാത്രയ്ക്ക് റോഹയിൽ വിരാമം.
ആദ്യ ലക്ഷ്യ സ്ഥാനമായ ജഞ്ചിറ ഫോർട്ടിലെത്താൻ രണ്ട് മണിക്കൂർ നീണ്ട ബസ് യാത്ര ബാക്കിയാണെന്നറിഞ്ഞപ്പോൾ മാനസികമായി കുറച്ചു ക്ഷീണം തോന്നിയെങ്കിലും ജഞ്ചിറ കാണണമെന്ന അതിയായ മോഹം ആ ക്ഷീണമൊക്കെ മറച്ചു പിടിച്ചു.
ബസിറങ്ങിയുള്ള ന ടത്തത്തിനിടയിൽ കണ്ട കാഴ്ചകളത്രയും മനോഹരമായിരുന്നു. ഒരു കിലോമീറ്ററിലേറെ നടന്ന് ജഞ്ചിറ തീരത്തെത്തി. ബോട്ടിലും തോണിയിലുമുള്ള അല്പനേര യാത്രകൂടി ചെയ്യാനുണ്ട്...
ഞങ്ങൾ ബോട്ടിൽ കയറി..
കോട്ടയിലേക്ക്..
കടലിൽ നിർമ്മിതമായ ഈ കോട്ടയ്ക്ക് കേട്ടാൽ ഞെട്ടുന്ന ചരിത്രങ്ങളുണ്ട്...
'ഇന്ന് ഇന്ത്യയിലുള്ളതിൽ ഏറ്റവും കരുത്തുറ്റ കോട്ട ഇതാണെന്ന് പറയപ്പെടുന്നു. നിരവധി ചരിത്ര സംഭവങ്ങളിലൂടെ കടന്നു പോയ ഈ കോട്ടയ്ക്ക് പേരു ലഭിക്കുന്നത് അറബി ഭാഷയിൽ നിന്നുമാണ്. ദ്വീപ് എന്നർഥമുള്ള ജസീറ എന്ന വാക്കിൽ നിന്നാണ് ജൻജീര എന്ന വാക്കു രൂപപ്പെട്ടത് എന്നാണ് കരുതപ്പെടുന്നത്.

**ആദ്യ ലക്ഷ്യ സ്ഥാനമായ ജഞ്ചിറ ഫോർട്ടിലെത്താൻ രണ്ട് മണിക്കൂർ ദീർഘ ബസ് യാത്ര ബാക്കി യാണെന്നറിഞ്ഞപ്പോൾ മാനസികമായി കുറച്ചു ക്ഷീണം തോന്നിയെങ്കിലും ജഞ്ചിറ കാണണമെന്ന അതിയായ മോഹം ആ ക്ഷീണമൊക്കെ മറച്ചു പിടിച്ചു.**



**'ഇങ്ങനയൊക്കെയായിട്ടും വേണ്ട വിധത്തിൽ അതിനെ പരിഗണിക്കുന്നില്ല' എന്നാണ് മനസ്സിലായത് വേണ്ട വിധത്തിൽ പരിഗണിക്കാത്തത് ഇതിന്റെ നശീകരണത്തിന് പോലും കരണമാവാൻ സാധ്യതയുണ്ട്.**

പതിനഞ്ചാം നൂറ്റാണ്ടിൽ മത്സ്യബന്ധനക്കാരായ ആളുകളാണ് ദ്വീപിൽ ആദ്യം കോട്ട നിർമ്മിച്ചത്. പിന്നീടത് അഹമ്മദാബാദ് ഭരണാധികാരിയായ നൈസാം കോട്ട പിടിച്ചടക്കുകയും അതിൽ തന്നെ സഹായിച്ച അറബികൾക്ക് കോട്ടയുടെ ചുമതല നല്കുകയും ചെയ്തു. പിന്നീട് അവരുടെ നേതൃത്വത്തിൽ ഒരു കരുത്തുറ്റ കോട്ടയായി ഇതിനെ കല്ലുപയോഗിച്ച് മാറ്റിയെടുക്കുകയായിരുന്നു. മറാത്തികളും ബ്രിട്ടീഷുകാരും ഉൾപ്പെടെയുള്ള ഭരണാധികാരികളുടെ കീഴിലായിരുന്നു കോട്ട കാലങ്ങളോളം. ഛത്രപതി ശിവജിക്ക് മുന്നിൽ പോലും കീഴടങ്ങാതെ തലയുയർത്തി നിന്ന ചരിത്രം ഈ കോട്ടയ്ക്കുണ്ട്. ഏഴു തവണ എല്ലാ സന്നാഹങ്ങളോടെയും ശിവജി കോട്ട കീഴടക്കാനായി എത്തിയെങ്കിലും ഓരോ തവണയും അദ്ദേഹം പരാജയപ്പെട്ട് മടങ്ങി. പിന്നീട് മകൻ സംബാജിയും കോട്ട കീഴടക്കാനുള്ള ശ്രമത്തിൽ പരാജയപ്പെടുകയുണ്ടായി. ഇത്തരത്തിൽ നിരന്തരമായ അക്രമങ്ങൾ നേരിട്ട കഥ ജഞ്ചിറക്ക് പറയാനുണ്ട്'

ഈ ചരിത്ര നിർമ്മിതിയിലൂടെ നടക്കുമ്പോൾ സങ്കടപ്പെടുത്തുന്ന ചിലതും കാണാനായി ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയ്ക്ക് കീഴിലാണ് ജഞ്ചിറ ഇന്നുള്ളത് വിനോദസഞ്ചാരികളുടെ എണ്ണത്തിന്റെ കാര്യത്തിൽ മുൻപന്തിയിലുള്ള ഇടം കൂടിയാണ്. എത്രയോ യാത്രക്കാരാണ് ദൈനം ദിനം അവിടെ എത്തുന്നത്. ഇന്ത്യൻ ആർക്കിയോളജിക്കൽ വിഭാഗത്തിന് വലിയ വരുമാന മാർഗ്ഗം കൂടിയാണ് ജഞ്ചിറ. ഇങ്ങനയൊക്കെയായിട്ടും വേണ്ട വിധത്തിൽ അതിനെ പരിഗണിക്കുന്നില്ല എന്നാണ് മനസ്സിലായത്. വേണ്ട വിധത്തിൽ പരിഗണിക്കാത്തത് ഇതിന്റെ നശിക്കലിന് പോലും കരണമാവാൻ സാധ്യതയുണ്ട്. കോട്ടയിലെ കാഴ്ച്ചകളൊക്കെയും അതിമനോഹരമായിരുന്നു. ദീർഗ്ഗനേരം ജഞ്ചിറയെ അനുഭവിച്ച ശേഷം അവസാന ബോട്ടിൽ ഞങ്ങൾ മടങ്ങി.



● ഷറഫുദ്ദീൻ ചെമ്മരത്തൂർ

# ഹസ്രത് മഖ്ദൂം അലി മാഹിമി (റ )

1431-ൽ ഗുജറാത്തിലെ സുൽത്താൻ അഹമ്മദ് ഷായാണ് മാഹിമിലെ ഖാസിയും സൂഫിയുമായ മഖ്ദൂം ഫക്കീർ അലി (റ)വിന്റെ ദർഗ  നിർമ്മിച്ചത്. മഖ്ദൂം അലി മാഹിമി എന്നും അറിയപ്പെടുന്ന അദ്ദേഹം മാഹിമിൽ താമസമാക്കിയ ഒരു അറബ് കുടുംബത്തിലാണ് ജനിച്ചത്. വിശ്വാസികളും അവിശ്വാസികളുമായ നിരവധിയാളുകൾ ദിനേന ദർഗ സന്ദർശിക്കാറുണ്ട്.



ജഞ്ചിറയിൽ നിന്നും നാല് മണിക്കൂറിലേറെയുള്ള ബസ് യാത്രയ്ക്ക് ശേഷം ഞങ്ങൾ ഇന്ത്യയുടെ വ്യാവസായിക തലസ്ഥാനമായ മുബൈയിലെത്തി. ദൈർഗ്യമേറിയ ബസ് യാത്രയായിട്ടും ക്ഷീണം നന്നേ കുറവായിരുന്നു.
ജഞ്ചിറ കാഴ്ച്ചകൾ സമ്മാനിച്ച സുന്ദരാമായ അനുഭവങ്ങളായിരിക്കും അതിന് കാരണമെന്ന് വിശ്വസിക്കുന്നു.
മുംബൈ യാത്ര സുഖകരമാക്കാനൊരുക്കിയ ബസിലാണ് ഞങ്ങളുടെ യാത്ര.
മാഹിം ദർഗ ലക്ഷ്യമാക്കി അതിരാവിലെത്തന്നെ ഞങ്ങളിറങ്ങി മാഹിമിൽ കണ്ടതൊക്കെയും കൺകുളിർമയുള്ളതായിരുന്നു.
അതിരാവിലെയും വാഹനങ്ങളുടെ ഹോണും മനുഷ്യരുടെ പരക്കം പാച്ചിലുമെല്ലാം സജീവമായിട്ടുണ്ട്.
ഫുഡ് പാത്തിലുടനീളം




**ഫുഡ് പാത്തിലുടനീളം പലവിധ മാർഗത്തിൽ ജീവിതം തിട്ടപ്പെടുത്തുന്നവരുടെ ഒരു നീണ്ട നിര സ്ത്രീകൾ, കുട്ടികൾ,വൃദ്ധർ,യുവാക്കൾ എന്നിവരെല്ലാവരുമുണ്ടതിൽ. വഫാതായിട്ട് എത്രയോ വർഷങ്ങൾക്കിപ്പുറവും എങ്ങനെയാണ് ഷാഹ് ബാബ എന്ന മഹാൻ ഇത്രയും പേർക്ക് പരിഹാരമാവുന്നു എന്നത് അത്ഭുതത്തോടെ ചിന്തിച്ചു**

പലവിധ മാർഗത്തിൽ ജീവിതം തിട്ടപ്പെടുത്തുന്നവരുടെ ഒരു നീണ്ട നിര. സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, യുവാക്കൾ... എല്ലാവരുമുണ്ടതിൽ. വഫാതായിട്ട് എത്രയോ വർഷങ്ങൾക്കിപ്പുറവും എങ്ങനെയാണ് ഷാഹ് ബാബ എന്ന മഹാൻ ഇത്രയും പേർക്ക് പരിഹാരമാവുന്നു എന്നത് അത്ഭുതത്തോടെ ചിന്തിച്ചു
ജീവിത കാലത്തും ഷാഹ് ബാബ ഇങ്ങനയായിരുന്നു എന്ന് ചരിത്രത്തിൽ കാണാം
സൂഫിയും വലിയ കർമ്മ ശാസ്ത്ര പണ്ഡിതനും ആയിരുന്നു.
നൂറോളം ഗ്രന്ഥരചനകൾ നടത്തിയിട്ടുണ്ട്
ഇന്ത്യയിലെ തന്നെ ആദ്യത്തെ ഖുർആൻ വ്യാഖ്യാനങ്ങളിൽ ഒന്നായ 'തഫ്സീറുൽ റഹ്മാൻ'ന്റെ രചയിതാവ് എന്ന ഒരു പ്രസക്തി കൂടി മഹാനവറുകൾക്ക് ഉണ്ട്. കെയ്റോയിലെ അൽ അസ്ഹർ യൂണിവേഴ്സിറ്റിയിലും മക്കയിലെ ഉമ്മുൽ ഖുറാ യൂണിവേഴ്സിറ്റിയിലുമെല്ലാം ഈ ഗ്രന്ഥമുണ്ട്. മഹാനവർകളുടെ മറ്റു രചനകളും ലോകത്തെ പല ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇങ്ങനെ തുടങ്ങി അഗാധമായ ജ്ഞാനത്തിന്റെയും ഉന്നതമായ സാമൂഹിക പ്രവർത്തനത്തിന്റെയും ഉടമയായിരുന്നു ഷാഹ് ബാബ. ജീവിത കാലത്തേതു പോലെ നിരവധി പേർക്ക് അത്താണിയാണ് ഇന്നും അവിടുന്ന്.
ദർഗയ്ക്ക് പരിസരമായി ആയിരക്കണക്കിനാളുകൾ അവരനുഭവിക്കുന്ന പ്രയാസങ്ങൾക്ക് മഹാനിൽ പരിഹാരമുണ്ടെന്ന് വിശ്വസിച്ചു ജീവിക്കുന്നു.
അജ്മീറിലിടക്കം നമ്മൾ

കാണുന്നതും ഇത് തന്നെയാണ്. ജീവിത കാലത്തു തന്നെ മറ്റുള്ളവരുടെ പ്രയാസങ്ങൾ കേട്ടും പരിഹാരം കണ്ടെത്തിയുമാണ് അവർ ജീവിച്ചത്
തങ്ങളെ സമീപിക്കുന്നവർക്ക് അറിവും അന്നവും നൽകി പരിഗണിച്ചു .ഇസ്ലാം മുന്നോട്ട് വെക്കുന്ന ഉന്നതമായ സാംസ്കാരിക പാഠങ്ങൾ പകർന്നു നൽകിയാണ് അവരൊക്കെയും ഓരോ ഇടങ്ങളിൽ ജീവിച്ചത് . ഇങ്ങനെ ആഴമേറിയ സാമൂഹിക പരിഷ്കർത്താവും ഇസ്ലമിക പണ്ഡിതനുമയിരുന്നു മാഹിം ഷാഹ് ബാവ.

മാഹിമി ബാവയെ കുറിച്ച് കൂടുതലറിവൊന്നുമില്ലാതെയാണ് അവിടെയെത്തിയത്. അവിടെ എത്തി ആദ്യം തന്നെ ഞങ്ങളെ ഒരുമിച്ചിരുത്തി പ്രിയഗുരു അബ്ദുല്ല ഉസ്താത് മഹാനവറുകളെ കുറിച്ചു പരിചയപ്പെടുത്തി തന്നു. ഇന്ത്യയിൽ സൂഫിയാക്കൾ ചെയ്തു വന്ന ധാർമ്മിക പ്രവർത്തനങ്ങളെയും ആ അവതരണത്തിലൂടെ ഉസ്താത് മനസ്സിലാക്കി തന്നു. ദർഗയുടെ പരിസരം മുഴുവൻ കൗതുകകരം ആണ്... പൂക്കളാൽ അലങ്കരനീയമാണ് പരിസരം 'അത്രയും പൂക്കൾ അവിടെ കണ്ടപ്പോൾ ഒർജിനലാണോ എന്ന് ഒരു വേള സംശയിക്കുകയും ആരോടോ ചോദിക്കുകയും ചെയ്തു'. പൂക്കൾ ഉണങ്ങാതിരിക്കാൻ പഞ്ഞിയിൽ വേര് കുത്തി അതിൽ വെള്ളം നിറച്ചു കൊടുക്കുന്ന രീതി അതിശയകരമായിരുന്നു ഉത്തരേന്ത്യയിലെ ദർഗ കളുടെ പൊതു സവിശേഷതയാണ് ഇതെന്ന് മറ്റു ദർഗ്ഗകളിൽ കൂടി പോയപ്പോൾ മനസ്സിലായി കാഴ്ചകൾ കാണാൻ വേണ്ടി ചുറ്റുവട്ടം നടക്കുകയായിരുന്ന എന്നെ ആ കാഴ്ച്ച അത്ഭുദപ്പെടുത്തിക്കളഞ്ഞു. 'We the people of India' എന്ന് തുടങ്ങുന്ന ഇന്ത്യൻ ഭരണഘടനയുടെ ആമുഖം മാർബിളിൽ കൊത്തി വെച്ചത് ദർഗയുടെ

**മധുരപലഹാരങ്ങളുടെ നീണ്ട നിര ഞങ്ങളുടെ നടത്തത്തിന്റെ വേഗത കുറച്ചു. സമയക്കുറവിനെ പരിഗണിച്ചു ഞങ്ങൾ അതിനെയൊക്കെയും അവഗണിക്കേണ്ടി വന്നു**




അടുത്തായി കണ്ടു. ഇന്ത്യയിലെ സർക്കാർ സ്ഥാപനങ്ങളിൽ പോലും ഭരണഘടന പ്രദർശിപ്പിക്കുന്ന രീതിയില്ല അവിടെയാണ് ദർഗ്ഗകളിലെ ഇത്തരം കാഴ്ചകൾ പ്രസക്തമാവുന്നത് അവിടെയുള്ള ജനങ്ങൾ പുലർത്തിപ്പോരുന്ന ജനാധിപത്യ ബോധത്തിന്റെ ആഴമേറിയ ഉദാഹരണമായിരുന്നു ആ കാഴ്ച്ച. ഇത്തരം ആശ്ചര്യജനകമായ നിരവധി കാഴ്ച്ചകൾ കണ്ട് ഞങ്ങൾ അവിടെ നിന്ന് മടങ്ങി.

ഹാജി അലി ദർഗ്ഗയായിരുന്നു അടുത്ത ലക്ഷ്യം. ഞങ്ങൾ മെയിൻ റോഡിലേക്ക് നടന്നു. മധുരപലഹാരങ്ങളുടെ നീണ്ട നിര ഞങ്ങളുടെ നടത്തത്തിന്റെ വേഗത കുറച്ചു. സമയക്കുറവിനെ പരിഗണിച്ചു ഞങ്ങൾക്ക് അതിനെയൊക്കെയും അവഗണിക്കേണ്ടി വന്നു. ഹാജി അലി ദർഗ്ഗ ലക്ഷ്യമാക്കി ഞങ്ങളുടെ ബസ് മുംബൈയുടെ പടുകൂറ്റൻ ഫ്ളാറ്റുകൾക്കിടയിലൂടെ മുന്നോട്ട് നീങ്ങി...

മുഹമ്മദ് വളപട്ടണം

# പീർ ഹാജി അലി ഷാ ബുഖാരി (റ)

**കടലിൽ സ്ഥിതി ചെയ്യുന്ന ഏഷ്യയിലെ ഏക ദർഗയാണ് ഹാജി അലി ദർഗ.പതിനഞ്ചാം നൂറ്റാണ്ടിൽ ലോകം ചുറ്റിക്കറങ്ങിയ ശേഷം മുംബൈയിൽ താമസമാക്കിയ പീർ ഹാജി അലി ഷാ ബുഖാരിയുടെ ദർഗയുടെ നിർമ്മാണം 1431-ലാണ് പൂർത്തിയായത്.**



പ്രഭാതം, ഹസ്റത് മഖ്ദൂം ഷാഹ് യുടെ ദർഗയിൽ നമ്മൾ ഇറങ്ങി... പാത നീളെ ഇരുവശത്തും കരകൗശല വസ്തുക്കളും സ്വാദൂറും വിഭവങ്ങളും ഇടമുറപ്പിച്ചിട്ടുണ്ട്.. 'യെ കിത് ന'ചോദിച്ച് അവയൊക്കെയും രുചിച്ചു വയർ നിറച്ചു..ഹൽവ പറാത്ത യുടെ മധുരം ഇപ്പോഴും നാവിലുണ്ട്.സ്റ്റാറ്റസ് കണ്ട് പലരുടെയും വായിൽ കപ്പലോടിയതായി കമന്റുകളിൽ നിന്ന് വ്യക്തം. വയറു വല്ലാതെ നിറഞ്ഞാൽ പണി പാളുമെന്നായപ്പോൾ തൽകാലം തൊട്ടുനോക്കൽ അവസാനിപ്പിച്ചു. ഹാജി അലി ദർഗയിലേക്കുള്ള പ്ര യാണം ആരംഭിച്ചു... ആസ്വാദ്യവും സാഹസികവും ആത്മീയവുമാണ് നമ്മുടെ യാത്രയെന്ന് നിസാമുസ്താദ് പറഞ്ഞതോർക്കുന്നു...

'നോക്കടാ.. അതാ അംബാനിന്റെ വീട്' പിറകിൽ നിന്ന് ആരോ വിളിച്ച് കൂവി... അങ്ങ് ദൂരെയതാ ഒരു വല്യ ഫ്ളാറ്റ്.. ബാലാജിയുടെ ജനൽച്ചില്ലകളിൽ ഒരുപാട് തലകൾ ഏന്തിപ്പൊങ്ങി.. കോടീശ്വരന്റെ കൊട്ടാരം നോക്കാൻ ഞാനല്ലാത്ത എല്ലാർക്കും എന്തോ ഒരാഗ്രഹം... അതന്നെയാണോ വീട് ?, അല്ലേ ?,, അതന്നെ..അല്ല.. എല്ലാവരും സംശയത്തിലായി.. മ്മളെ കൂട്ടത്തിലെ ഗൂഗിൾ മാപ് ആയ ഒരുത്തൻ ഉറപ്പ് വരുത്തിയതോടെ ആ മങ്ങിയ ഫ്ലാറ്റ് ഒന്നടുത്തെത്താൻ എല്ലാവരും കാത്തുനിന്നു...
'ധാരാവി' കൊറോണ സീസണിൽ ഏവരുടെയും കണ്ണും കാതും പതിഞ്ഞ ചെരുവതാ നമ്മുടെ ഇടതുവശം... ലക്ഷക്കണക്കിനാളുകളുടെ ജീവനപ ഹരിച്ച ആ മഹാമാരിയുടെ നാളുകൾ എന്റെ മനസ്സിലിങ്ങനെ തെളിഞ്ഞു വന്നു.. എല്ലാം പ ടച്ചോന്റെ വിധി... അവിടം ചെന്ന് കുശലാന്വേഷണം നടത്തണമെന്ന് വല്ലാതെ ആഗ്രഹിച്ചെങ്കിലും സമയം വില്ലനായി മാറി.. ബാലാജി നമ്മെയും വഹിച്ച് മുന്നോട്ട് നീങ്ങിക്കൊണ്ടിരുന്നു...ഇന്ത്യയിലെ ഏറ്റവും നീളമേറിയ രണ്ടാമത്തെ പാലത്തിലൂടെയാണ് നാം ഇപ്പോൾ കടന്നുപോയിക്കൊണ്ടിരിക്കുന്നത്, ബന്ദ്ര-വോളി സീലിങ്ക് പാലം. 6 കിലോമീറ്ററോളം നീളമുണ്ടിതിന്. വളരെ സാന്ദ്രതയേറിയ തിരക്കേറിയ എല്ലായ്പ്പോഴും ഗതാഗതക്കുരുക്കനുഭവിക്കുന്ന മുംബൈ യാത്രക്കാർക്കന്നീ പാലം ആശ്വാസമാണ്. സീലിങ്ക് പാലത്തിന്റെ നിർമ്മിതി കണ്ട് നമ്മെപോലെ തന്നെ അവരും ആശ്ചര്യഭരിതരായി.. ഒത്ത നടുവിലായി റോപ്പുകൾ പിരിച്ചുണ്ടാക്കിയതെന്ന് തോന്നിപ്പിക്കും വിധം പ്രതലത്തിൽ നിന്ന് മുകളിലേക്ക് ബന്ധിപ്പിച്ച മനോഹര കാഴ്ച.. ദൂരെ നിന്ന് വീക്ഷിച്ചാൽ നൂലിനാലോ കയറിനാലോ നിർമ്മിച്ച ഒരു ത്രികോണം... ഇരുഭാഗത്തും പ രന്നു കിടക്കുന്ന അറബിക്കടലിന്റെ മനോഹരദർശനം...
ഹാജി അലി ദർഗയിലേക്ക് നമ്മൾ അടുക്കാറായി... ഏറ്റവും പ്ര ശസ്തമായ ഇസ്ലാമിക ആരാധനാല യങ്ങളിലൊന്നായ ഹാജി അലി ദർഗ, ഇന്തോ-ഇസ്ലാമിക് വാസ്തുവിദ്യാ ശൈലിയുടെ ശ്രദ്ധേയമായ ചിത്രമാണ്. വിസ്മയിപ്പിക്കുന്ന സ്ഥലം, പേരുകേട്ട ഹാജി അലി ദർഗയിൽ പതിനഞ്ചാം നൂറ്റാണ്ടിലെ

**'ധാരാവി' കൊറോണ സീസണിൽ ഏവരുടെയും കണ്ണും കാതും പതിഞ്ഞ ചെരുവതാ നമ്മുടെ ഇടതുവശം... ലക്ഷക്കണക്കിനാളുകളുടെ ജീവനപഹരിച്ച ആ മഹാമാരിയുടെ നാളുകൾ എന്റെ മനസ്സിലിങ്ങനെ തെളിഞ്ഞു വന്നു. എല്ലാം ദൈവ വിധി.**



**മനോഹരമായ അറബിക്കടലിന്റെ പശ്ചാത്തലത്തിൽ സ്ഥിതി ചെയ്യുന്ന ഈ പള്ളി വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ഒരു സാങ്കൽപ്പിക ലോകം പോലെയാണ്. മുംബൈ ഛത്രപതി ശിവാജി ടെർമിനസിൽ നിന്ന് 6 കിലോമീറ്റർ അകലെയാണ് മുംബൈയ്ക്ക് സമീപമുള്ള ഹാജി അലി ദർഗ.**

---

മഹാനായ പീർ ഹാജി അലി ഷാ ബുഖാരിയുടെ മഖ്ബറ സ്ഥിതി ചെയ്യുന്നു.. മനോഹരമായ അറബിക്കടലിന്റെ പശ്ചാത്തലത്തിൽ സ്ഥിതി ചെയ്യുന്ന ഈ പള്ളി വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ഒരു സാങ്കൽപ്പിക ലോകം പോലെയാണ്. മുംബൈ ഛത്രപതി ശിവാജി ടെർമിനലിൽ നിന്ന് 6 കിലോമീറ്റർ അകലെയാണ് മുംബൈയ്ക്ക് സമീപമുള്ള ഹാജി അലി ദർഗ...
ബസ്സിറങ്ങി ദർഗയിലേക്ക് നമ്മൾ നീങ്ങി... ആ കാഴ്ച്ച എന്നെ വല്ലാതെ ഉലച്ചു... പാതി മുറിഞ്ഞ കൈയും കാലുമൊക്കെയായി ഒട്ടനവധി മനുഷ്യ ജീവനുകൾ ഇരുവശത്തുമിരുന്ന് സഹായമഭ്യർഥിക്കുന്നു.. കൊടുക്കാതിരിക്കാൻ കഴിഞ്ഞില്ല... കീശയിൽ കയ്യിട്ട് എന്നാലാവുന്നത് കൊടുത്തു. എന്നെ സൃഷ്ടിച്ച, പ്രപഞ്ച പരിപാലകനായ റബ്ബ് എന്റെ ഹൃദയാന്തരങ്ങളിൽ കടന്നു വന്നു.. അവരിലേക്കും സ്വന്തം ശരീരത്തിലേക്കും ഞാൻ അല്പ നേരം മാറിമാറി നോക്കി.. എത്രയനുഗ്രഹീതനാണ് ഞാൻ.. എന്റെ ശരീരത്തിലിതുവരെ ഒരു പോറൽ പോലും റബ്ബെനിക്ക് തന്നില്ലല്ലോ എന്നോർത്ത് കണ്ണുകളടച്ച് മനസ്സറിഞ്ഞ് ഞാൻ പറഞ്ഞു, 'അൽഹംദുലില്ലാഹ്..'
പാർക്കാനൊരിടമില്ലാതെ താൻ വളർത്തി വലുതാക്കിയ മക്കളൊന്നുമേ തിരിഞ്ഞുനോക്കാനില്ലാതെ ഒരുപാട് ജീവനുകൾ ചില്ലറതുട്ടുകൾക്കായി പ്രതീക്ഷയോടെ കൊടുംവെയിലത്ത് തുളകൾവീണ കുടയുമായി ഇരിക്കുന്നു... 'ഞങ്ങൾക്ക് നീ മാത്രമാണ് തുണ' മനസ്സ് മന്ത്രിച്ചു... ഏറ്റവും പിറകിലാണ് ഞാനുള്ളത്. ഇനിയൊരു വരവുണ്ടാകുമെന്ന് ആർക്കറിയാം..
കണ്ടും ചിന്തിച്ചും ആസ്വദിച്ചും സമയം പോവുന്നതിറിഞ്ഞില്ല
അലി ഷാ ദർഗ 4,500 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ, 85 അടി ഉയരത്തിൽ, താജ്മഹൽ ഘടനയിൽ ഉപയോഗിച്ചിരിക്കുന്ന അതേ മാർബിൾ ഉപയോഗിച്ചാണ് മുംബൈയിലെ ഈ ഗംഭീരമായ ദർഗ നിർമ്മിച്ചിരിക്കുന്നത്. ഒരു പള്ളിയും പീർ ഹാജി അലി ഷാ ബുഖാരിയുടെ മഖ്ബറയും ഉൾപ്പെടെ രണ്ട് സ്മാരകങ്ങൾ ഇവിടെയുണ്ട്. മഖ്ബറ എല്ലാ വശങ്ങളിൽ നിന്നും വെള്ളി ഫ്രെയിമുകൾ കൊണ്ട് മൂടിയിരിക്കുന്നു. കൂടാതെ മുഴുവൻ നിർമ്മാണവും മാർബിളിന്റെ എട്ട് തൂണുകളാൽ ചുറ്റപ്പെട്ടിരിക്കുന്നു. അതിവിശിഷ്ടവും ശ്രദ്ധേയവുമായ ഈ സ്ഥലം, വേലിയേറ്റ സമയത്ത് പള്ളിയിലേക്കുള്ള റോഡ് വെള്ളത്തിൽ മുങ്ങുകയും സന്ദർശനത്തെ അപ്രാപ്യമാക്കുകയും ചെയ്യുന്നുണ്ട്.. ദർഗയ്ക്കുള്ളിലെ പ്രധാന ഹാളിന്റെ മൂന്ന് വശങ്ങളിലായി തെക്ക്, പടിഞ്ഞാറ്, കിഴക്ക് എന്നിങ്ങനെ മൂന്ന് ഹാളുകളാണുള്ളത്. പടിഞ്ഞാറെ മണ്ഡപം സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുമ്പോൾ പുരുഷന്മാർക്ക് കിഴക്കേ മണ്ഡപത്തിൽ പ്രാർത്ഥിക്കാൻ അനുവാദമുണ്ട്. സെൻട്രൽ ഹാളിന്റെ മാർബിൾ സീലിംഗ് കണ്ണാടി വർക്ക് കൊണ്ട് അലങ്കരിച്ചിരിക്കുന്നു, അല്ലാഹുവിന്റെ 99 നാമങ്ങൾ ഉല്ലേഖനം ചെയ്തിട്ടുണ്ട്.
കൂടാതെ, പ്രധാന ഹാളിന്റെ ചുമരുകളിലും മേൽക്കൂരകളിലും ഖുർആനിക വാക്യങ്ങൾ കൊത്തിവച്ചിട്ടുണ്ട്. മൂന്ന് നിലകളുള്ള സാനിറ്റോറിയവും സമർപ്പിത ഖവ്വൽ





ഖാനയും ഈ പള്ളിയിലുണ്ട്.
ഹാജി അലി മസ്ജിദ്/ദർഗ
കടൽത്തീരവും 700 മീറ്റർ നീളമുള്ള ന
ടപ്പാതയുമായി ബന്ധിപ്പിച്ചിരിക്കുന്നു.
നടപ്പാതയുടെ ഇരുവശത്തും
റെയിലിംഗുകളൊന്നുമില്ല, അതിനാൽ
കടലിൽ നിന്നുള്ള തിരമാലകൾ ന
ടപ്പാതയിലേക്ക് അടിക്കുന്നത്
സന്ദർശകർക്ക് ആവേശമാണ്.
15-ാം നൂറ്റാണ്ടിലെ സൂഫിയായ സയ്യിദ്
പിർ ഹാജി അലി ഷാ ബുഖാരിയാണ്
പ്രശസ്തമായ ഈ ദർഗ നിർമ്മിച്ചത്.
ഇന്നത്തെ ഉസ്ബെക്കിസ്ഥാനിൽ സ്ഥിതി
ചെയ്യുന്ന ബുഖാറയിൽ നിന്നുള്ള
ഒരു ധനിക വ്യവസായിയായിരുന്നു
അദ്ദേഹം. മക്കയിലേക്ക്
പുറപ്പെടുന്നതിന് തൊട്ടുമുമ്പ്
തന്റെ ഭൗതിക സമ്പത്തും ലൗകിക
സമ്പത്തും ഉപേക്ഷിച്ച് വിശുദ്ധനാകാൻ
തീരുമാനിക്കുകയും, ലോകം ചുറ്റി
സഞ്ചരിച്ച് ഒടുവിൽ മുംബൈയിൽ
എത്തിച്ചേരുകയും ഇവിടെ സ്ഥിരതാമ
സമാക്കുകയും ചെയ്തു.
തന്റെ മരണമാസന്നമായെന്ന്
മനസിലാക്കിയ അലി ഷാ , താൻ
മരണപ്പെട്ടാൽ തന്റെ ശരീരം
സമുദ്രത്തിൽ ഒഴുക്കണമെന്നും
അതെവിടെ ചെന്ന് നിൽക്കുന്നുവോ
അവിടം മറമാടണമെന്നും
കൽപ്പിച്ചു..അങ്ങനെയാണത്രെ
അലി ഷാ യുടെ മഖ്ബറ അവിടെ
നിർമ്മിക്കപ്പെടാൻ കാരണമായത്.
ഇന്നിത് എല്ലാ വിഭാഗം മതസ്ഥരും
അനുഗ്രഹം തേടാൻ വരുന്ന ഒരു പ്ര
ശസ്തമായ മഖ്ബറയായി മാറി...

**ഇന്നത്തെ ഉസ്ബെക്കിസ്ഥാനിൽ സ്ഥിതി ചെയ്യുന്ന ബുഖാറയിൽ നിന്നുള്ള ഒരു ധനിക വ്യവസായിയായിരുന്നു അദ്ദേഹം. മക്കയിലേക്ക് പുറപ്പെടുന്നതിന് തൊട്ടുമുമ്പ് തന്റെ ഭൗതിക സമ്പത്തും ലൗകിക സമ്പത്തും ഉപേക്ഷിച്ച് വിശുദ്ധനാകാൻ തീരുമാനിക്കുകയും, ലോകം ചുറ്റി സഞ്ചരിച്ച് ഒടുവിൽ മുംബൈയിൽ എത്തിച്ചേരുകയും ഇവിടെ സ്ഥിര താമസമാക്കുകയും ചെയ്തു.**

ബസിന്റെ വരവും നല്ല ചൂടും
വെയിലും എല്ലാവരെയും
ദാഹിച്ചവശരാക്കി. നല്ല
തണുത്ത കരിമ്പിൻ ജ്യൂസ്
കുടിച്ച് സായൂജ്യമടഞ്ഞു. യാത്ര
തുടർന്നു. അംബാനിയുടെ
ഫ്ലാറ്റിന് മുന്നിലൂടെ തന്നെയാണ്
പോകുന്നത്. അതത്ര വല്യ
കാര്യാക്കാതെ ഇരിക്കുമ്പോഴതാ
സൈറൺ മുഴക്കിക്കൊണ്ട്
രണ്ട് മൂന്ന് വാഹനങ്ങളുടെ
കടന്നു വരവ്. അംബാനിയതാ
പോകുന്നു. അംബാനിക്ക് ഇത്ര
സുരക്ഷയൊ. മോഡീന്റെ ആളല്ലേ
ഇല്ലാതിരിക്കില്ലെന്ന് ഒരുത്തൻ.
അപ്പോഴതാ തങ്ങളുസ്ഥാതിന്റെ
കമെന്റ് 'അംബാനീന്റെ വീട് കണ്ടാൽ
തന്നെ മനസ്സിലാക്കാ അയാളൊരു
ഓർഡർ ഇല്ലാത്ത ആളാണെന്ന്'
പറഞ്ഞത് നേരാ.. അയാളുടെ
വീട് 'ആന്റലിയ' സിഗ്സാഗ്
ആകൃതിയിലായിരുന്നു.

ആദിൽ ആറളം

# ഹസ്രത് സയ്യിദ് ഹാജി അബ്ദുറഹ്മാൻ ഷാഹ് ഖാദിരി (റ)

വിനോദങ്ങൾ വിസ്മയങ്ങളാണ്, അവശതകളിൽ തെളിനീരാണ്, നാഥന്റെ അത്ഭുദങ്ങളെ മനസ്സിലാക്കലാണ്. കെട്ടുറപ്പുള്ള ഓർമ്മ കളെ നമുക്കത് സമ്മാനിക്കുന്നു. പട്ടിണിയുടെ നട്ടുച്ചകളിൽ ഭക്ഷണപ്പൊതി നീട്ടിക്കൊടുക്കുമ്പോൾ വിരിയുന്ന പുഞ്ചിരിയുടെ സൗന്ദര്യം വിവരിക്കാൻ കഴിയില്ല. യാത്രകളിൽ നിന്ന് മാത്രം ലഭി ക്കുന്ന ചില നിമിഷങ്ങളുണ്ട്. അതിനെ തേടിയാവണം നമ്മുടെ ഓരോ യാത്രകളും...



അപ്പോൾ കൃഷ്ണൻ മാസ്റ്റർ കീശയിൽ നിന്ന് ഒരു കാലുറുപ്പികയെടുത്ത് ശ്രീധരന്റെ കൈയിൽ കൊടുത്ത ശേഷം നേർച്ചപ്പെട്ടിയിൽ പൊലിക്കാൻ പറയും. ശ്രീധരൻ ശങ്കയോടെ മുഖത്തു നോക്കി ചോദിക്കും: ഇതു മാപ്പിളമാരുടെ പള്ളിയല്ലേ? നമ്മുടെ അമ്പലമല്ലല്ലോ? 'പറഞ്ഞതനുസരിക്ക്.' ശാസനാ ഭാവത്തിൽ അച്ഛൻ ശ്രീധരന്റെ മുഖത്തേക്കൊന്നു നോക്കും. ശ്രീധരൻ ഉടൻ പണം നേർച്ചപ്പെട്ടിയിലിടും. അവിടെ നിന്നു മടങ്ങുമ്പോൾ കൃഷ്ണൻ മാസ്റ്റർ ശ്രീധരനെ ഉപദേശിക്കും. മോനേ, ഇതൊരു സിദ്ധന്റെ സ്ഥലമാണ്. സിദ്ധൻമാർക്ക് മാപ്പിളയെന്നോ ഹിന്ദു എന്നോ ഒന്നുമില്ല. സിദ്ധൻമാർ എല്ലാവരും ഒരുപോലെയാണ്. എല്ലാ മനുഷ്യരും ആ പുണ്യവാളരെ വന്ദിക്കണം. കേരളത്തിലെ മഖാമു കളോടുള്ള ഇതരമത സമീപനം വിളിച്ചോതുന്നതാണ് എസ്.കെ പൊറ്റക്കാടിന്റെ 'ഒരുദേശത്തിന്റെ കഥ'യിലെ ഈ രംഗം. ഹസ്റത് സയ്യിദ് ഹാജി അബ്ദുർ ഹമാൻ ഷാഹ് ഖാദിരി(റ) ദർഗയിലേക്ക് പ്രവേശിച്ചപ്പോൾ  ഒർമ്മ വന്നതും ആ രംഗമായിരുന്നു. ഉത്തരേന്ത്യയിലെ ഒട്ടുമിക്ക ദർഗകളും അങ്ങനെയാണ്. ജീവിച്ചിരുന്ന കാലത്ത് അവർ ചെയ്തതെന്തെന്നുള്ള ഓർമ്മപ്പെടുത്തൽ. അശാന്തമാണ് തെരുവ്, ചുവന്ന നിറം മിനുക്കിയ കവാടം മുതൽക്ക് ദർഗ പ്രത്യക്ഷമാകും. വ്യത്യസ്തമായ രുചിക്കൂട്ടുകളും ചെറിയ ചെറിയ കെട്ടിടങ്ങളും തിരക്കിട്ടോടുന്ന ജീവിതങ്ങളും പ്രതീക്ഷയുടെ തിരിനാളവും കൈയിലേന്തിയവർ. അടുത്തടുത്തായി നിരത്തി വെച്ച വാഹനവ്യൂഹം, കൂകി വിളിക്കുന്ന ഹോൺ മുഴക്കങ്ങളൊക്കെയും കവാടത്തിനപ്പുറം വിശ്രമമില്ലാതെ തുടരുകയാണ്.. ആകാശത്തെ ചുംബിച്ച് നിൽക്കാൻ കഴിവുള്ള കെട്ടിടങ്ങളൊക്കെയും ദർഗയിലേക്ക് മോഹഭാരത്താൽ തല താഴ്ത്തി നിൽക്കുന്നത് പോലെ തോന്നി. തെരുവിന്റെ ഹൃദയഭാഗം പള്ളിയും മഖാമും കൊണ്ട് അലങ്കരിച്ചതാണ്. അവിടേക്കുള്ള പ്രവേശനം അത്ര നേരം കാതുകളെയും, കണ്ണുകളെയും അസ്വസ്ഥമാക്കിയ രംഗങ്ങൾക്ക് ശാന്തത നൽകും.

**ഇതു മാപ്പിളമാരുടെ പള്ളിയല്ലേ? നമ്മുടെ അമ്പലമല്ലല്ലോ? "പറഞ്ഞതനുസരിക്ക്" ശാസനാ ഭാവത്തിൽ അച്ഛൻ ശ്രീധരന്റെ മുഖത്തേക്കൊന്നു നോക്കും. ശ്രീധരൻ ഉടൻ പണം നേർച്ചപ്പെട്ടിയിലിടും. അവിടെ നിന്നു മടങ്ങുമ്പോൾ കൃഷ്ണൻ മാസ്റ്റർ ശ്രീധരനെ ഉപദേശിക്കും. മോനേ, ഇതൊരു സിദ്ധന്റെ സ്ഥലമാണ്.**



പൂവും പുടവയും കൊണ്ടലങ്കരിച്ച ദർഗ. പുവുകളൊക്കെയും മണം പരത്തുന്നവയായിരുന്നു. റോസാപ്പൂവിന്റെ ഗന്ധം മഹാനുമായുള്ള ഹൃദയ ബന്ധം ചുവപ്പിച്ചു. ദർഗയുടെ ഒരു ഭാഗത്ത് സ്വർണ്ണ നിറത്തിലുള്ള  കോപ്പയിൽ വെള്ളം നിരത്തി വെച്ചിരിക്കുന്നു പാത്രത്തിൽ  അറബിയിൽ പേരുകൾ ഉല്ലേഖനം ചെയ്തിരിക്കുന്നു. ഒരു കോപ്പ ആർത്തിയോടെ കുടിച്ചു. ഒരാൾ വന്ന് കടല കയ്യിലേക്ക് വച്ച് തന്നു. തിരിഞ്ഞ് നിന്ന് ദർഗയിലേക്ക് നോക്കിയിരിക്കവെ തിരശ്ശീല വീണു.!

മുന്നിൽ മറ പ്രത്യക്ഷപ്പെട്ടു. മൂന്ന് ഭാഗവും കർട്ടനുകളെ കൊണ്ട് മറക്കപ്പെട്ടു, പിറകിലെ ഭാഗത്തേക്ക് ചെന്നു. ജീവിതത്തിലാദ്യമായാണ് ആ കാഴ്ച കാണുന്നത്. നിറങ്ങളും പൂവുകളും നിറഞ്ഞ മഖാമിന്റെ വിരിപ്പുകളൊക്കെയും മൂന്ന് പേർ ചേർന്ന് എടുത്ത് മാറ്റി ഒരു വെള്ള തുണി മാത്രം അവശേഷിക്കുന്നു. അതിലേക്ക് അത്തറിന്റെ തുള്ളികൾ ഒഴിച്ച് കൊണ്ടിരിക്കുന്നു. പ ലിനിറത്തിലുള്ള വിരിപ്പുകൾ ഓരോന്നും  വിരിച്ചു, പൂവുകൾ വാരി വിതറി പുത്തൻ നിറങ്ങളാൽ ദർഗ പ്രശോഭിതമായി.
ചുറ്റിൽ നിന്നവർ യാസീനും, ബൈത്തുകളും ദിക്റുകളും ഉരുവിടുന്നു. ഒരു കുളിര് എന്നിൽ നിറഞ്ഞു. ജനലിനപ്പുറം സ്ത്രീകൾ ദർഗയിലേക്ക് വേദന കൾ പങ്കുവെക്കുന്നയിടമാണ്.. നൂലുകളിൽ പ്രതീക്ഷകൾ ബന്ധിപ്പിച്ച് ജനാലക്കമ്പികളിൽ കോർക്കുന്നവർ. പ്രാർത്ഥന



**ജീവിതത്തിലാദ്യമായാണ് ആ കാഴ്ച കാണുന്നത്. നിറങ്ങളും പൂവുകളും നിറഞ്ഞ മഖാമിന്റെ വിരിപ്പുകളൊക്കെയും മൂന്ന് പേർ ചേർന്ന് എടുത്ത് മാറ്റി ഒരു വെള്ള തുണി മാത്രം അവശേഷിക്കുന്നു. അതിലേക്ക് അത്തറിന്റെ തുള്ളികൾ ഒഴിച്ച് കൊിരിക്കുന്നു. പലി നിറത്തിലുള്ള വിരിപ്പുകൾ ഓരോന്നും  വിരിച്ചു, പൂവുകൾ വാരി വിതറി പുത്തൻ നിറങ്ങളാൽ ദർഗ പ്രശോഭിതമായി.**

കളെ കൊണ്ട് ധന്യമാക്കുന്നവർ. ആത്മനിർവൃതിക്കൊണ്ട് ധന്യമായ ആ സുഗന്ധ കേന്ദ്രത്തിൽ മെല്ലെ ഇരുന്നു. ദർഗയുടെ ഒരു ഭാഗത്ത് നിന്ന് മഹാനെ പുകഴ്ത്തിക്കൊണ്ട് ഒരാൾ ബൈത്ത് പാടി.സന്ദർശനം കഴിഞ്ഞവർ മെല്ലെ ഒരു ഭാഗത്ത് നിരന്ന് നിൽക്കും. നീളത്തിലുള്ള വടിയുടെ അറ്റത്ത് മയിൽ പീലി ഒരുമിച്ച് കൂട്ടിയത്പോലെ, അത് ഉപയോഗിച്ച് ഒരാൾ നിരന്ന് നിന്നവരുടെ മുഖത്ത് തടവും തുടർന്ന് പിറകിൽ ഒരു തട്ടും. പലരുടെയും പ്രാർത്ഥന വേളകളിലെ മുഖഭാവങ്ങളിൽ നിറയുന്നത് അസ്തമിക്കാത്ത പ്രതീക്ഷയാണ്. പുറത്തിറങ്ങി തെരുവിലെ തിരക്കിനൊപ്പം നിന്നു.പെട്ടെന്നാണ് താളത്തിലുള്ള ശബ്ദം തെരുവിനെ നിശബ്ദമാക്കിയത്. വിവാഹാഘോഷത്തിന്റെ സന്തോഷ പ്രകടനമായിരുന്നു. ദർഗയുടെ മുന്നിൽ വെച്ചായിരുന്നു അതും. താളത്തോടൊപ്പം മധുരവും. തെരുവിൽ ഇരുട്ട് മൂടിയും, വെളിച്ചം പരന്നും രംഗങ്ങൾ മാറിമറിഞ്ഞിട്ടും ദർഗയിലേക്കുള്ള ആളുകളുടെ പോക്ക് വരവുകൾ കുറഞ്ഞില്ല. ഒത്തിരി വൈകിയപ്പോൾ ദർഗയുടെ വാതിലുകളടഞ്ഞു. അടഞ്ഞ വാതിലുകൾക്ക് പിന്നിൽ നിന്ന് വേദനകൾ പറയുന്നവരെ കണ്ടപ്പോൾ മനസ്സൊന്ന് തണുത്തു. തെരുവിൽ വിളക്കുകളണയുമ്പോഴും കെടാവിളക്കായി ആ മഹാൻ പ്രഭ പരത്തുകയാണ്. തിരികെ വരാൻ നേരം ഒരാളോട് ചോദിച്ചു. ഭാഷയിലെ പ്രാവിണ്യം തപ്പിതടയുലകളിലൂടെ കടന്ന് പോയി. അയാൾ പറഞ്ഞു: എല്ലാ ദിവസവും വിരിപ്പ് മാറ്റും, പൂവ് വിതറും. മുഖത്തെ അത്ഭുതം ശരീരമാകെ പരന്നു. പുറത്തേക്ക് നടന്നു...

സാലിഹ് പള്ളിയത്

# ഇന്ത്യയ്ക്ക് ഇറാൻ നൽകിയ സമ്മാനം

**ഇറാനിയൻ പൈതൃകത്തിന്റെ ഭാഗമാണ് മുബൈയിലെ ദോം ഗ്രിയിൽ സ്ഥിതി ചെയ്യുന്ന മുഗൾ മസ്ജിദ്. 1860-ൽ സമ്പന്ന ഇറാനിയൻ വ്യാപാരിയായ ഹാജി മുഹമ്മദ് ഹുസൈൻ ഷിറാസിയാണ് മസ്ജിദ് പണിതത്.**



മുംബൈയിൽ എത്തി രണ്ടാമത്തെ ദിവസം. മുഗൾ മസ്ജിദ് കാണാൻ പോയാലോ എന്ന ചോദ്യം വയർ നിറഞ്ഞ അനുഭൂതി നൽകി. അങ്ങനെ ഞങ്ങൾ കുറച്ചു പേർ നടത്തം ആരംഭിച്ചു. ജനം നിബിഢമായ തെരുവ്, രണ്ട് ഭാഗം ഷീറ്റ് വലിച്ചു കെട്ടിയ ബാർബർ ഷോപ്പ്, ഞാൻ ഫോണിൽ പകർത്താൻ വേണ്ടി ക്യാമറ ഓണാക്കിയപ്പോ ചെറിയ ധൈര്യ കുറവ് കൊണ്ട് വെറുതെ സമ്മതം ചോദിച്ചു ''കുഴപ്പമില്ല''എന്നവർ മറുപടി പറഞ്ഞു... കൂടെ ഉള്ളവർ കുറെ മുന്നോട്ട് എത്തിയിരുന്നു. അവരെ പെട്ടന്ന് കാണാൻ ഞാൻ കാലുകൾ നീട്ടി വെക്കാൻ തുടങ്ങി. കാണുന്നവരോട് അറിയാവുന്ന ഹിന്ദിയും ഇംഗ്ലീഷും കലർത്തി ചോദിച്ചു. (മുംബൈയിൽ ഇംഗ്ലീഷ് ഭാഷ അറിയാത്തവർ ആണ് കൂടുതലുള്ളത്. ഗവൺമെന്റ് ജോലി ചെയ്യുന്നവർ പോലും അങ്ങനെത്തന്നെയാണ്.) എന്തൊക്കെ പറഞ്ഞാലും ലോകത്ത് എല്ലാവർക്കും അറിയുന്ന ആംഗ്യ ഭാഷ തന്നെ ആണ് രക്ഷകൻ. ഒരു പച്ച കവാടം കണ്ടപ്പോൾ അത് പള്ളിയുടെ ആയിരിക്കും എന്ന് കരുതി പ്രവേശിക്കാൻ നോക്കിയപ്പോൾ തൊട്ടടുത്തും ഇതേ രീതിയിൽ കവാടം കാണാൻ കഴിഞ്ഞു. ഞാനും മുബഷിറും ഇട വഴി ഒഴിവാക്കി പുറത്തിറങ്ങി. റോഡിൽ ഇറങ്ങി എന്നാൽ റോഡിൽ ഹോൺ അടിക്കാതെ ഒരു വണ്ടിയും നീങ്ങുന്നില്ല  മുന്നോട്ട് ആഞ്ഞു വലിച്ചു നടന്നു. മുന്നിൽ വലിയ ഒരു കെട്ടിടം കണ്ടു എല്ലാവരും കാമറ കണ്ണുകളിൽ പകർത്താൻ തുടങ്ങി എന്നാൽ അകത്തേക്ക് പ്രവേശിക്കാൻ കഴിയില്ല എന്നായിരുന്നു ഞങ്ങൾ മനസിലാക്കിയത്. അകത്തേക്ക് ഉള്ള കതക് താഴിട്ട് പൂട്ടിയിരുന്നു, ഇടത് ഭാഗത്തു കൂടെ അകത്തു പ്രവേശിക്കാൻ കഴിയുമെന്ന് കണ്ടെത്തി ഉള്ളിലെത്തി. പ്രധാന റോഡിലെ താറുമാറായ ഗതാഗതത്തിന്റെ ബഹളം വിട്ട് നമ്മെ കാത്തിരുന്ന ശാന്തത അനിർവചനീയമാണ്.

**മുന്നിൽ വലിയ ഒരു കെട്ടിടം കണ്ടു എല്ലാവരും കാമറ കണ്ണുകളിൽ പകർത്താൻ തുടങ്ങി എന്നാൽ അകത്തേക്ക് പ്രവേശിക്കാൻ കഴിയില്ല എന്നായിരുന്നു ഞങ്ങൾ മനസിലാക്കിയത്. അകത്തേക്ക് ഉള്ള കതക് താഴിട്ട് പൂട്ടിയിരുന്നു. ഇടത് ഭാഗത്തു കൂടെ അകത്തു പ്രവേശിക്കാൻ കഴിയുമെന്ന് കണ്ടെത്തി ഉള്ളിലെത്തി.**



സായാഹ്ന സൂര്യനിൽ തിളങ്ങുന്ന രണ്ട് മിനാരങ്ങളോടെ, കാലത്തിന്റെ പ്രയത്നങ്ങളെ ചെറുത്തുനിൽക്കുന്ന ഇറാനിയൻ പൈതൃകത്തിന്റെ മഹത്തായ ഭാഗമാണ് മുഗൾ മസ്ജിദ്. അലങ്കരിച്ച വാസ്തുവിദ്യ, കുളത്തിലെ ശുദ്ധജലം, ആയത്തുല്ല മാരുടെ ചിത്രങ്ങൾ, മനോഹരമായ ഉറവ എന്നിവയിലൂടെ ഈ സ്ഥലം ഒരാളെ ഇറാനിലേക്ക് കൊണ്ടുപോകുന്നു.
കലയുടെയും കരകൗശലത്തിന്റെയും ഉജ്ജ്വലമായ മിശ്രിതം, സങ്കീർണ്ണമായ ജാമിതീയ രൂപകല്പനകൾ, നീല മൊസൈക്ക് ടൈലുകൾ, മിന്നുന്ന കണ്ണാടികൾ, കട്ടിയുള്ള പേർഷ്യൻ പരവതാനികൾ എന്നിവയുള്ള മൊഗൾ മസ്ജിദ് പത്തൊമ്പതാം  നൂറ്റാണ്ടിൽ മുംബൈ നഗരത്തിൽ ഷിയാ ഇറാനിയൻ സ്വാധീനത്തിന്റെ അവശേഷിക്കുന്ന ചുരുക്കം ചില അവശിഷ്ടങ്ങളിൽ ഒന്നാണ്.

ഗണ്യമായ സൊറാസ്ട്രിയൻ, ബഹായ് ജനസംഖ്യയുടെ സാന്നിധ്യം കണക്കിലെടുത്ത് ബോംബെയ്ക്ക് ചരിത്രപരമായി ഇറാനുമായി ബന്ധമുണ്ടായിരുന്നെങ്കിലും, പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇറാനിയൻ മുസ്ലീങ്ങളുടെ ഒരു പുതിയ

പ്രവാഹം ഉണ്ടായി. ഈ പുതിയ കുടിയേറ്റക്കാരിൽ ഭൂരിഭാഗവും ഉൾനാടൻ നഗരങ്ങളായ ശീറാസ്, ഇസ്ഫഹാൻ എന്നിവിടങ്ങളിൽ നിന്നുള്ളവരാണ്. ഉൾനാടൻ ഇറാൻ അനുഭവിക്കുന്ന സാമ്പത്തിക മാന്ദ്യം കണക്കിലെടുത്ത് പച്ചപ്പ് നിറഞ്ഞ മേച്ചിൽപ്പുറങ്ങൾ തേടി മുംബൈയിലെത്തി. *നൈൽ ഗ്രീൻ തന്റെ 'ബോംബെ ഇസ്ലാം'* എന്ന പുസ്തകത്തിൽ എഴുതുന്നു, '1830 ൽ, ഇറാനുമായുള്ള ബോംബെയുടെ മൊത്തം വ്യാപാരം 3,50,000 രൂപ യായിരുന്നു, എന്നാൽ 1859 ആയപ്പോഴേക്കും കുതിരകളുടെ വാർഷിക വ്യാപാരം മാത്രം 2,6,25,000 രൂപയായി ഉയർന്നു. ഈ പ്രവണത നൂറ്റാണ്ട് പുരോഗമിക്കുമ്പോൾ തുടർന്നു. 1865 മുതൽ ബോംബെയിൽ താമസിക്കുന്നതായി ഔദ്യോഗികമായി രജിസ്റ്റർ ചെയ്ത ഇറാനികളുടെ എണ്ണം 1,639 ആയി ഉയർന്നു, എന്നിരുന്നാലും കൂടുതൽ അനൗദ്യോഗിക താമസക്കാർ ന ഗരത്തിൽ ഉണ്ട് എന്നതാണ് യഥാർത്ഥ്യം. ആദ്യകാല ഇറാനിയൻ ഷിയാ  വ്യാപാരികളിൽ പലരും ഉമർഖാദിയിലും ഡോംഗ്രിയിലും സ്ഥിരതാമസമാക്കി. ഇറാനിൽ നിന്ന് കയറ്റി അയച്ച സെറാമിക് ടൈലുകളുടെ സഹായത്തോടെ നിർമ്മിച്ച അവരുടെ വേർപിരിയലിന്റെ ദൃശ്യ ചിഹ്നമായാണ് ആദ്യകാല കുടിയേറ്റക്കാർ അലങ്കരിച്ച മസ്ജിദ് നിർമ്മിച്ചത്.

ബോംബെയിലെ ഇറാനിയൻ സമൂഹത്തിൽ 'മാലിക് അൽ-തുജ്ജാർ (വ്യാപാരികളുടെ രാജാവ്)' ആയി കണക്കാക്കപ്പെട്ടിരുന്ന ഇറാനിയൻ വ്യാപാരി ഹാജി മുഹമ്മദ് ഹുസൈൻ ശീറാസിയുടെ ധനസഹായത്തോടെ യാണ് 1858-ൽ പള്ളിയുടെ നി ർമ്മാണം പൂർത്തിയാക്കിയത്. മുഗൾ കൊട്ടാരത്തിലും മുഗൾ ബ്യൂറോക്രസിയിലും പേർഷ്യക്കാരുടെ ആധിപത്യം പേർഷ്യക്കാരെ ജനമന സ്സിൽ മുഗളരുടെ പര്യായമാക്കി മാറ്റി. ഈ കൂട്ടുകെട്ട് കൊണ്ടാണ് മസ്ജിദ് സാവധാനം മുഗൾ മസ്ജിദ് എന്ന തിരിച്ചറിവ് നേടിയത്.
ഭെണ്ടി ബസാറിൽ മസ്ജിദ് പ



ണിതതിന് പിന്നിൽ ഒരു കാരണമുണ്ട്. അക്കാലത്ത്, ഈ പ്രദേശം ഒരു ഉയർന്ന പട്ടണമായി കണക്കാക്കപ്പെട്ടിരുന്നു. കപ്പൽ നിറയെ ചരക്കുകളുമായി വരുന്ന വൻകിട വ്യാപാരികളുടെയും കയറ്റുമതിക്കാരുടെയും കോട്ടയായിരുന്നു. ഡോംഗ്രിയിലെ മതപ രമായ സ്ഥലങ്ങളുടെ നിർമ്മാണത്തിന് ഈ വ്യാപാരികൾ വലിയ സംഭാവന നൽകി. കമ്മ്യൂണിറ്റി ഹാളുകളും ഇമാംബാദകളും കൊണ്ട് നിറഞ്ഞതാണ് ഈ പ്രദേശം.
പള്ളി ഒരു ആരാധനാലയമാണെങ്കിലും, മുംബൈയും ഇറാനും വളരെക്കാലം മുമ്പ് പങ്കിട്ട ഊർജ്ജസ്വലവും അഗാധ വുമായ ബന്ധത്തിന്റെയും തെളിവാണ് ഈ സ്ഥലം. റിസേർച്ച് സ്കോളറായ റെസ മസൂദി 'പ്രാക്റ്റീസിങ് ഫ്രക്റ്റൽ ഷിയഈ ഐഡന്റിറ്റിസ് ത്രൂ മുഹറം റിച്ചുവൽസ് ഇൻ മുംബൈ' എന്ന തന്റെ പ്രബന്ധത്തിൽ എഴുതുന്നു, 'ഡോംഗ്രിക്ക് ചുറ്റുമുള്ള ഒരു ചെറിയ നടത്തത്തിലൂടെ നിങ്ങൾക്ക് ഷിയാ സമൂഹങ്ങളുടെ വൈവിധ്യമാർന്ന മതപ രമായ, സാംസ്കാരിക, വസ്തു വിദ്യ പ ശ്ചാത്തലം അനുഭവിക്കാൻ കഴിയും. കല്ലുകൾ വെച്ച് വെച്ച്

**കപ്പൽ നിറയെ ചരക്കുകളുമായി വരുന്ന വൻകിട വ്യാപാരികളുടെയും കയറ്റുമതിക്കാരുടെയും കോട്ടയായിരുന്നു. ഡോംഗ്രിയിലെ മതപരമായ സ്ഥലങ്ങളുടെ നിർമ്മാണത്തിന് ഈ വ്യാപാരികൾ വലിയ സംഭാവന നൽകി. കമ്മ്യൂണിറ്റി ഹാളുകളും ഇമാംബാദകളും കൊണ്ട് നിറഞ്ഞതാണ് ഈ പ്രദേശം.**

**വാസ്തുശില്പിയായ റെസ കാബൂളിന്റെ കീഴിൽ 1996-ൽ ഈ ഘടന ഒരു വലിയ പരിഷ്ക്കരണത്തിന് വിധേയമായി, അദ്ദേഹം പള്ളി അതിന്റെ യഥാർത്ഥ പ്രതാപത്തിലേക്ക് പുനഃസ്ഥാപിക്കാൻ സഹായിച്ചു. സാധാരണ പോലെ രാവിലെ സുബ്ഹിക്ക് പള്ളി തുറക്കുന്നു രാത്രി പൂട്ടുന്നു.**

---

ഇറാനിലെ ശീറാസിലെ പള്ളികളുടെ മാതൃകയിലാണ് മസ്ജിദ് നിർമ്മിച്ചിരിക്കുന്നത്. ശീറാസി വാസ്തുവിദ്യയുടെ ഒരു പ്രത്യേകത, പള്ളികൾക്ക് രണ്ട് മിനാരങ്ങൾ മാത്രമേയുള്ളൂ എന്നതും താഴികക്കുടം ഇല്ല എന്നതുമാണ്. നടുമുറ്റം സഞ്ചാരികളുടെ വിശ്രമസ്ഥലമായി കണക്കാക്കപ്പെടുന്നു. മുംബൈയിലെ മറ്റ് പഴയ പള്ളികളിൽ നിന്ന് വ്യത്യസ്തമായി, നഗരത്തിലെ വളരെ കുറച്ച് താഴികക്കുടങ്ങളില്ലാത്ത പള്ളികളിൽ ഒന്നാണ് മുഗൾ  മസ്ജിദ്. ഗോമേദകവും ഗ്രാനൈറ്റും ചേർത്താണ് ഈ മസ്ജിദിന്റെ ഉൾഭിത്തികൾ നിർമ്മിച്ചിരിക്കുന്നത്. വിശുദ്ധ ഖുർആനിലെ നിരവധി സൂറത്തുകളും ചുവരുകളിൽ കൊത്തിവെച്ചിരിക്കുന്നതും കാണാം. ഇറാഖിലെ വിശുദ്ധ നഗരമായ കർബലയിൽ നിന്നുള്ള മണ്ണ് കൊണ്ടാണ് മിഹ്റാബിന്റെ തറ നിർമ്മിച്ചിരിക്കുന്നത്. പ്രകാശത്തെ പ്രതിഫലിപ്പിക്കുന്ന മൊസൈക് ടൈലുകൾ ഉപയോഗിച്ചാണ് പള്ളിയുടെ  പുറംഭാഗം നിർമ്മിച്ചിരിക്കുന്നത്. അലങ്കരിച്ച ക്രിസ്റ്റൽ ചാൻഡിലിയറുകളും അതിമനോഹരമായ പരവതാനികളും ഇറാനിൽ നിന്ന് ഇറക്കുമതി ചെയ്തതാണ്.
വിശാലമായ ഹൗള് (സെൻട്രൽ പൂൾ) എന്നത് സൗന്ദര്യശാസ്ത്രത്തിനും ശുദ്ധീകരണത്തിനും വേണ്ടിയുള്ള ഒരു കേന്ദ്രീകൃത സമമിതി അച്ചുതണ്ട് കുളമാണ്. എന്നാൽ, ടാപ്പുകൾ നിർമിച്ചതോടെ കുളം ഇപ്പോൾ അലങ്കാരമായി മാറി. ''എല്ലാ ദിവസവും ടൈലുകൾ തുടച്ചു വൃത്തിയാക്കുകയും പരവതാനികൾ വർഷത്തിൽ രണ്ടുതവണ കഴുകുകയും ചെയ്യുന്നു. മഴക്കാലത്ത് സ്ഥലത്തെ വാട്ടർ പ്രൂഫിംഗ് നടത്തുന്നു. 12-ഓളം ആളുകൾ പള്ളി പരിപാലിക്കാനുണ്ട്. ഹാജി മുഹമ്മദ് ഷിറാസി ട്രസ്റ്റാണ് മസ്ജിദ് നിയന്ത്രിക്കുന്നത്. വാസ്തുശില്പിയായ റെസ കാബൂളിന്റെ കീഴിൽ 1996-ൽ ഈ ഘടന ഒരു വലിയ പരിഷ്ക്കരണത്തിന് വിധേയമായി, അദ്ദേഹം പള്ളി അതിന്റെ യഥാർത്ഥ പ്രതാപത്തിലേക്ക് പുനഃസ്ഥാപിക്കാൻ സഹായിച്ചു.
 സാധാരണ പോലെ രാവിലെ സുബ്ഹിക്ക് പള്ളി തുറക്കുന്നു രാത്രി പൂട്ടുന്നു. വർഷത്തിലുടനീളം മസ്ജിദിൽ മജ്ലിസുകൾ നടത്തുന്നു. ഇവയിൽ ഏറ്റവും ശ്രദ്ധേയമായത് മുഹറം, റമദാൻ, അയാം-ഇ-ഫാത്തിമിഹ് (ഇറാനിൽ വനിതാ ദിനമായി ആഘോഷിക്കുന്നത്) സമയങ്ങളിൽ നടക്കുന്നവയാണ്. പള്ളിയുടെ നരവംശശാസ്ത്രപരവും ചരിത്രപരവുമായ വശങ്ങൾ പര്യവേക്ഷണം ചെയ്ത ഗവേഷകനായ സരോവർ സെയ്ദി പറയുന്നു, ''മുഗൾ മസ്ജിദ് ഇറാനികൾക്കും ബോംബെയിൽ നിന്നുള്ള ഷിയാ ക്കൾക്കും പ്രധാനമാണ്, ഇത് ഐക്യദാർഢ്യത്തിന്റെ പ്രസ്താവനയായി നിർമ്മിച്ചതാണ്. മസ്ജിദ് വെറുമൊരു പൈതൃകവസ്തുവല്ല, മറിച്ച് ജീവൻ തുടിക്കുന്ന സ്ഥലമാണ്. പ്രാർത്ഥനയ്ക്കപ്പുറം പള്ളിക്ക് ഒരു ഇടമുണ്ടെന്ന് സെയ്ദി കൂട്ടിച്ചേർക്കുന്നു.'' തിരക്കേറിയ പ്രദേശത്ത് ഇത് ഒരു വിശ്രമബോധം നൽകുന്നു. ആളുകൾ ഇരിക്കുന്നതും വിശ്രമിക്കുന്നതും പത്രം വായിക്കുന്നതും നിങ്ങൾ ശ്രദ്ധിക്കും. ഇത് മതത്തിന്റെയും വിനോദത്തിന്റെയും സംയോജിത ഇടമാണ്, എന്ന് അദ്ദേഹം സൂചിപ്പിക്കുന്നു.

രസകരമെന്നു പറയട്ടെ, മസ്ജിദിന് അടുത്തായി, ഇന്ത്യയിൽ അവശേഷിക്കുന്ന ഒരേയൊരു ഇറാനി ഹമാം (ടർക്കിഷ് ബാത്ത്) ആണ്. മുഗൾ  മസ്ജിദിന്റെ അതേ സമയത്താണ് ഇത് നിർമ്മിച്ചത്, ഒരുകാലത്ത് ഇവിടെ താമസിക്കുന്ന ഇറാനികൾക്കിടയിൽ ഇത് വളരെ പ്രശസ്തമായ സ്ഥലമായിരുന്നു.
നീല ചായമാണ്പള്ളിയെ കൂടുതൽ ആകർഷനീയമാക്കുന്നത് അകത്തേക്ക് പ്രവേശിച്ചപ്പോൾ സാധാരണ കാണുന്ന പള്ളി തന്നെ. പുറത്തെ ഷെൽഫിൽ നിസ്കരിക്കുമ്പോൾ സുജൂദിൽ  നെറ്റി വെക്കാൻ വേണ്ടിയുള്ള കല്ലുണ്ട്. തൊട്ടടുത്തെഅലമാരയിൽ  വിശുദ്ധ ഖുർആൻ കണ്ടപ്പോൾ  വെറുതേ ഞാനും മറിച്ചു നോക്കി ഒറ്റ നോട്ടത്തിൽ വലിയ വ്യത്യാസമില്ല എന്നാൽ വ്യത്യാസം ഉണ്ട് എന്ന് മുമ്പ് മൊയ്ദു കിഴിശ്ശേരിയുടെ തുർക്കിയിലേക്ക് ഒരു സാഹസിക യാത്ര എന്ന പുസ്തകത്തിൽ വായിച്ചതോർത്തു.

● അനസ് വെള്ളൂക്കര

# സ്മാരക ശിലയുടെ തണലിൽ

ബ്രിട്ടിഷ് ഭരണകാലത്തിന്റെയും സ്വാതന്ത്ര്യത്തി ന്റെയും സ്മരണകൾ ഉണർത്തുന്ന 86 അടി ഉയരമുള്ള ഈ കമാനം ബ്രിട്ടനിലെ ജോർജ് അഞ്ചാമൻ രാജാവിന്റെയും രാജ്ഞിയുടെയും 1911ലെ ഇന്ത്യാസന്ദർശനത്തിന്റെ സ്മരണ യ്ക്കായി നിർമിച്ചതാണ്.



അലതല്ലിയൊഴുകുന്ന അറബിക്കടലിന്റെ ഓരം പറ്റി ആകാശനീലിമയോളം നിവർന്നു നിൽക്കുന്ന ഗേറ്റ് വേ ഓഫ് ഇന്ത്യ കടലിരമ്പം കീറിമുറിച്ചെത്തുന്ന സമുദ്ര സഞ്ചാരികൾക്ക് കൺകുളിർമയായി ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഗേറ്റ് വേ ഓഫ് ഇന്ത്യ ഇന്നും ഒരു വിസ്മയ കാഴ്ചയാണ്.

ഇന്ത്യൻ സന്ദർശനത്തിന്റെ ഓർമ ശിലയാണിത് ഗേറ്റ് വേ ഓഫ് ഇന്ത്യയുടെ പിന്നിൽ ചെമ്പൻ ചന്തം തൂകി വിരിഞ്ഞു നിൽക്കുന്ന താജ് ഹോട്ടലും മധുര കാഴ്ചയാണ് അന്നൊരുനാൾ യൂറോപ്പിലെ ഒരു ഹോട്ടലിൽ ഭക്ഷണം കഴിക്കാനെത്തിയ ടാറ്റയെ തൊലി നിറം വെളുത്തില്ല എന്ന ഒറ്റ കാരണത്താൽ അപമാനിച്ച ഹോട്ടലുടമയോടും യുറോ മോഡലിനോടുമുള്ള കലിപ്പൻ പ്രതികാരം കൂടെയാണ് ടാറ്റയുടെ പടുകൂറ്റൻ ഫൈവ് സ്റ്റാർ ഹോട്ടൽ.

**അന്നൊരുനാൾ യൂറോപ്പിലെ ഒരു ഹോട്ടലിൽ ഭക്ഷണം കഴിക്കാനെത്തിയ ടാറ്റയെ തൊലി നിറം വെളുത്തില്ല എന്ന ഒറ്റ കാരണത്താൽ അപമാനിച്ച ഹോട്ടലുടമയോടും യുറോ മോഡലിനോടുമുള്ള കലിപ്പൻ പ്രതികാരം കൂടെയാണ് ടാറ്റയുടെ പടുകൂറ്റൻ ഫൈവ് സ്റ്റാർ ഹോട്ടൽ.**



വെള്ളക്കാർ രാജ്യം പിടിച്ചുമുറുക്കിയ കാലത്ത് ഇന്ത്യയുടെ സാമ്പത്തിക നഗരമായ മുംബൈയുടെ ഹൃദയത്തിൽ ജാതിയും മതവും പറയാത്ത വമ്പൻ ഭക്ഷണശാലയൊരുക്കാൻ ഒരു സാധാരണ ഇന്ത്യക്കാരന് സാധിച്ചു. താജ് ഹോട്ടലിനെ 'കിരീടം ചൂടിയ രാജ്ഞി' ആക്കി മാറ്റുന്നത്. ഉച്ചവെയിൽ മങ്ങിത്തുടങ്ങിയതോടെയാണ് ഞങ്ങൾ ഇന്ത്യ ഗേറ്റ് ലക്ഷ്യമാക്കി നീങ്ങിയത് പടർന്നുപന്തലിച്ചു നിൽക്കുന്ന ഫ്ളാറ്റുകൾക്കും അഡ്മിനിസ്ട്രേറ്റീവ് കാര്യാലയങ്ങൾക്കും ഇടയിലൂടെ ഫ്ളാറ്റുകൾകപ്പുറം കൊച്ചു കൊച്ചു പൊട്ടുകൾ പോലെ ചിന്നിച്ചിതറക്കിടക്കുന്ന ഡൽഹികൾ കാണാൻ സാധിക്കും. ഗതികെട്ട കാലത്ത്

ഉള്ളതെല്ലാം പെറുക്കിയെടുത്ത് നഗരം പിടിച്ച മനുഷ്യരുടെ പിന്മുറക്കാരാണ് അധികവും. ബോഡി ചെക്കിംഗ് കഴിഞ്ഞു ഞങ്ങൾ ഗേറ്റ് വേ ഓഫ് ഇന്ത്യയുടെ മുറ്റത്തെത്തി കൊച്ചു പിള്ളേരു മുതൽ പ്രായഭേദമന്യേ എല്ലാവരും വലിയ തിരക്കിലാണ്. ഗേറ്റ് വേ ഓഫ് ഇന്ത്യ ക്യാൻവാസിൽ ഒരുക്കി സ്വന്തം ചായ ചിത്രം പകർത്താൻ മത്സരിക്കുന്ന സന്ദർശകർക്കിടയിലൂടെ ഞങ്ങൾ ഗേറ്റിന്റെ അടുത്തെത്തി കല്ലിൽ കുത്തി പണിത മനോഹരമായ ശിൽപം കടൽപ്പരപ്പിലേക്ക് നീളുന്ന കൽപ്പടവുകളിൽ സന്ദർശകർ വട്ടം കൂടി നിൽക്കുന്നത് കണ്ട് ഞാനും കണ്ണുകൾ അങ്ങോട്ട് എറിഞ്ഞു. സമ്മിശ്ര ഭാഷയുടെ സംഗമഭൂമിയിൽ നിന്നും എന്റെ മലയാള അക്ഷരങ്ങൾ ഞാൻ എന്റെ ശ്രവണപുടത്തിലേക്ക് ചേക്കേറുന്നു. ഞാൻ തിരിഞ്ഞുനോക്കി ഒറ്റനോട്ടത്തിൽ സർക്കാർ ഉദ്യോഗസ്ഥൻ ആണെന്ന് തോന്നിക്കുന്ന ഒരാൾ കൂടെ ഭാര്യയും അമ്മയും ഉണ്ട്.

'ഹായ്.... മലയാളിയാണ് ലെ..'

'അത്...' ഞങ്ങൾ പരസ്പരം പുഞ്ചിരികൾ കൈമാറി

'നിങ്ങൾ എവിടെയാ....?'

'ഞാൻ കോഴിക്കോടാണ്.'

'നിങ്ങൾ...'

'ഞങ്ങൾ വല്ലപ്പുഴക്കാരാണ്...'

'ഞങ്ങൾ കുറച്ച് അധികംപേരുണ്ട് കുറ്റ്യാടി സിറാജുൽ ഹുദയിൽ പഠിക്കുകയാണ്'.

ഭാഷ എത്ര പെട്ടെന്നാണ് കൂടപ്പിറപ്പുകളെ പ്രസവിക്കുന്നത്. താജ് ഹോട്ടലിന്റെ മുറ്റത്ത് പ്രാവുകൾക്കൊപ്പം താളം പിടിക്കുന്ന കൊച്ചു കുട്ടികൾ ധാന്യമണികൾ നീട്ടി പ്രാവിനെ അടുത്തിരുത്തി ഫോട്ടോക്ക് പോസ് ചെയ്യുന്ന അനേകം അതിഥികൾ ടൂറിസ്റ്റുകൾ ഒന്നിക്കുന്നിടത്തെല്ലാം പതിവുപോലെ കാണാറുള്ള ക്യാമറമാന്മാരും അവിടെ ഒട്ടും കുറവല്ലായിരുന്നു. കണ്ണും കാതും തുറന്നു ഞാൻ അതെല്ലാം ഹൃദയത്തിൽ ഒപ്പിയെടുത്തു കൊണ്ടിരുന്നു. സൂര്യൻ കടലാഴങ്ങളിലേക്ക് വഴുതി വീണു തുടങ്ങിയിട്ടുണ്ട്. ഞങ്ങൾ അടുത്ത അത്ഭുതലോകം തേടി യാത്ര തുടർന്നു.

**ഗതികെട്ട കാലത്ത് ഉള്ളതെല്ലാം പെറുക്കിയെടുത്ത് നഗരം പിടിച്ച മനുഷ്യരുടെ പിന്മുറക്കാരാണ് അധികവും. ബോഡി ചെക്കിംഗ് കഴിഞ്ഞു ഞങ്ങൾ ഗേറ്റ് വേ ഓഫ് ഇന്ത്യയുടെ മുറ്റത്തെത്തി കൊച്ചു പിള്ളേരു മുതൽ പ്രായഭേദമന്യേ എല്ലാവരും വലിയ തിരക്കിലാണ് ഗേറ്റ് ഓഫ് ഇന്ത്യ ക്യാൻവാസിൽ ഒരുക്കി സ്വന്തം ചായ ചിത്രം പകർത്താൻ മത്സരിക്കുന്ന സന്ദർശകർക്കിടയിലൂടെ ഞങ്ങൾ ഗേറ്റിന്റെ അടുത്തെത്തി.**



മുഹമ്മദ് എളമ്പിലാട്

# പർച്ചേഴ്സ് ചെയ്തെടുത്ത അനുഭവങ്ങൾ

സൗത്ത് മുംബൈയിൽ സ്ഥിതി ചെയ്യുന്ന പ്രശസ്തമായ സ്ട്രീറ്റ് ഫുഡ് ഏരിയയാണ് മുഹമ്മദ് അലി ഫുഡ് സ്ട്രീറ്റ്. ഇന്ത്യൻ സ്വാതന്ത്ര സമര നേതാവും ഇന്ത്യൻ നാഷണൽ കോൺഗ്രസ് (INC) പ്രസിണ്ടന്റുമായിരുന്ന മൗലാന മുഹമ്മദലി ജൗഹറിന്റെ നാമദേയത്തിലാണ് സ്ട്രീറ്റും റോഡും അറിയപ്പെടുന്നത്.



ഫെബ്രുവരി 08 ബുധൻ, കോളേജിൽ നിന്നും മുംബൈ, പൂനെ ലക്ഷ്യമാക്കിയായിരുന്നു യാത്ര. അവിടങ്ങളിലെ ദർഗ്ഗകൾ സിയാറത്ത് ചെയ്യലും ചരിത്ര നിർമ്മിതികളെയും, നഗരങ്ങളെയും അറിയലുമായിരുന്നു ലക്ഷ്യം. തുടക്കത്തിൽ തന്നെ ഓർത്തുരസിക്കാൻ മാത്രം അനുഭവങ്ങൾ സമ്മാനിച്ചു മുംബൈ. യാത്രയുടെ രണ്ടാം ദിനത്തിലായിരുന്നു പർച്ചേഴ്സിംഗിനായി തിരഞ്ഞെടുത്ത മുഹമ്മദ് അലി സ്ട്രീറ്റിലേക്കുള്ള പോക്ക്. ദോൻഗ്രിയിലെ അബ്ദുറഹ്മാൻ ഷാ ബാബയുടെ ദർഗ്ഗയുടെ സമീപമായിരുന്നു ഞങ്ങളുടെ താമസസ്ഥലം. അവിടം സിയാറത്ത് ചെയ്തു. നിസ്കാരം കൃത്യമാക്കി, സ്ട്രീറ്റ് ലക്ഷ്യമാക്കി നടന്നു. കുറച്ച് ദൂരമേയുള്ളു.. കൂട്ടുകാരൻ സുബൈറിന്റെ ഇച്ചാനെ കാണാനുള്ളത് കൊണ്ട് ഞങ്ങൾ ടാക്സി സഹായം തേടി. കാർ മുംബൈ തെരുവുകളിലൂടെ കയറിയിറങ്ങി. മുഹമ്മദലി സ്ട്രീറ്റിന്റെ പലഭാഗങ്ങളും ഇപ്പോൾ വ്യക്തമായി കാണാം. ബോംബെ ഹോസ്പിറ്റലിന രികിലുള്ള ഒരു കൂൾബാറിന്റെ സമീപത്ത് കാർ പാർക്ക് ചെയ്തു. ഹിന്ദി ഭാഷയെ പ രിചയപ്പെട്ടു കൊണ്ടിരിക്കുന്ന ഞങ്ങൾ 'കിതനാ' എന്ന് ചോദിച്ചു 'എയ്റ്റി'ന്ന് ഡ്രൈവർ പ്രതിവചിച്ചു. കാശ് കൊടുത്ത് കാറിൽ നിന്നിറങ്ങി കൂൾബാറിലേക്ക് കയറി. ഞങ്ങളെ ശിഹാബ്ക്ക പ്രതീക്ഷിച്ചിത് കൊണ്ടാകണം ചെന്നപാടെ സ്വീകരിച്ചിരുത്തി. ഡ്രാഗൺ ഫ്രൂട്ടിന്റെ കഷ്ണങ്ങൾ മിക്സിക്കിരയാക്കി,വെള്ള കലർന്ന റോസ് നിറത്തിലുള്ള ജ്യൂസിന്റെ മധുരത്തിൽ ഞങ്ങൾ കുശലം പറഞ്ഞിരുന്നു. സമയം പോയതറിഞ്ഞില്ല.
ഇപ്പോൾ സമയം 09:15.
അവന്റെ ഉപ്പയുടെ അനിയന്റെ കടയിലും ഞങ്ങൾ പോയിരുന്നു. ശേഷം ഒരു മഹാനരുടെ

**സുന്നികളുടെ നേതൃത്വത്തിലാണ് ഉറൂസ്. ശിയാക്കളെ പ്രതിരോധിക്കാൻ വേണ്ടിയാണ് ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നതെന്നും അവർക്കെതിരെയാണ് പല സ്ഥലങ്ങളിലും അലി,ഹുസൈൻ,ഫാത്വിമ (റ) എന്ന് എഴുതി വെക്കുന്നത് എന്നും ഉസ്താദ് കൂട്ടിച്ചേർത്തു.**

---

ദർഗയിൽ പോയി സിയാറത്ത് ചെയ്ത് അവിടുന്ന് യാത്ര തുടർന്നു.ലൊക്കേഷനിൽ നിന്ന് രണ്ട് കിലോമീറ്റർ മുമ്പേ ഞങ്ങൾ വണ്ടിയിറങ്ങി. ഡ്രസ്സ്, ഇലക്ട്രോണിക്സ്, ചെരുപ്പ്, ഫുഡ് കടകൾ മാറി മാറി കയറിയിറങ്ങി. ഓരോയിടങ്ങളിൽ നിന്നും 'യെ കിതനാ' എന്നു ചോദിക്കും, മറുപടി കിട്ടിയാൽ ചിലയിടങ്ങളിൽ നിന്ന് സാധനം മേടിക്കും.അധികയിടങ്ങളിൽ നിന്നും നേരത്തെ തയാറാക്കി വെച്ച 'ഓ സ്യാദാ ഹേ' വിളമ്പി തടിയൂരും. ഈ പ്രയാണം തുടരവെയാണ് സിയാറത്ത് വാട്സാപ്പ് ഗ്രൂപ്പിൽ അബ്ദുല്ല ഉസ്താദ് മിനാറ മസ്ജിദിൽ നടക്കുന്ന അലി(റ)തങ്ങളെ



**നിറങ്ങളും, വെളിച്ചവും തോരണങ്ങളും കൊണ്ട് അലങ്കൃതമായിരുന്നു മിനാറ പള്ളി. ഒരാൾ എഴുന്നേറ്റു നിന്ന് സംസാരിക്കുന്നു. മാറാഠ ഭാഷയും, തിരിച്ചെത്താനുള്ള ദൃതിയും അവിടം അധിക നേരംനിർത്തിയില്ല. ദർഗ്ഗയിൽ പോയി സിയാറത്ത് ചെയ്തു.**

---

അനുസ്മരിച്ചു കൊണ്ടുള്ള ഉറൂസിനെ കുറിച്ച് പറയുന്നത്.' സുന്നികളുടെ നേതൃത്വത്തിലാണ് ഉറൂസ്. ശിയാക്കളെ പ്രതിരോധിക്കാൻ വേണ്ടിയാണ് ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നതെന്നും അവർക്കെതിരെയാണ് പല സ്ഥലങ്ങളിലും അലി,ഹുസൈൻ,ഫാത്വിമ (റ) എന്ന് എഴുതി വെക്കുന്നത്' എന്നും ഉസ്താദ് കൂട്ടിച്ചേർത്തു. ടൗണിലുള്ളവർ വേഗം അവിടെയുള്ള ദർഗ്ഗയിൽ പോയി സിയാറത്ത് ചെയ്ത് പെട്ടെന്ന് ലൊക്കേഷനിൽ എത്താനും പ്രത്യേകം നിർദ്ദേശമുണ്ടായിരുന്നു. സമയം 11 മണി,

നടന്ന് നടന്ന് അപ്രതീക്ഷിതമായി അവിടെയെത്തി. കൂടെ ഷഹീറും ഉണ്ടായിരുന്നു. നിറങ്ങളും, വെളിച്ചവും തോരണങ്ങളും കൊണ്ട് അലങ്കൃതമായിരുന്നു മിനാറ പള്ളി. ഒരാൾ എഴുന്നേറ്റുനിന്ന് സംസാരിക്കുന്നു.. മാറാഠ ഭാഷയും, തിരിച്ചെത്താനുള്ള ദൃതിയും അവിടം അധിക നേരംനിർത്തിയില്ല. ദർഗ്ഗയിൽ പോയി സിയാറത്ത് ചെയ്തു. സയ്യിദ് ഹുസൈൻ ഷാ എന്നവരുടെ മഖ്ബറയായിരുന്നു അത്. വളരെ ഭാവ്യതയോടെയാണ് എല്ലാവരും ദർഗ്ഗയിലേക്ക് പ്രവേശിക്കുന്നത്.സിയാറത്ത് കഴിഞ്ഞ് പുറത്തേക്ക് നടന്നു.. പ്രതീക്ഷയർപ്പിച്ച് മടങ്ങുന്ന മനുഷ്യർ! എന്നെ കൂടുതൽ ആകർഷിച്ചു. സ്നേഹവും മര്യാദയും സമ്മേളിച്ച മാതൃകകൾ. യാത്രയിലെ പ്രയാസങ്ങൾ കുറച്ചൊക്കെ അനുഭവിച്ചെങ്കിലും മധുരിക്കുന്ന ഓർമ്മകൾ കൊണ്ടതൊക്കെയും മറന്ന് പോയിരുന്നു..



അൽത്വാഫ് കോളിത്തട്ട്

# ആലിയയും കൃതിയും : ബോംബെ നഗരത്തിലെ മുഖങ്ങൾ

**ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണകാലത്താണ് ഛത്രപതി ശിവാജി ടെർമിനൽസ് റെയിൽവേസ്റ്റേഷൻ നിർമ്മിച്ചത്. ഇന്ത്യയിലെ ഏറ്റവും തിരക്കേറിയ റയിൽവേ സ്റ്റേഷനുകളിലൊന്നാണ് മുംബൈയിലെ ഛത്രപതി ശിവാജി ടെർമിനസ്. ബ്രിട്ടീഷുകാരനായ എഫ്. ഡബ്ലൂ സ്റ്റീവൻസാണ് ഇതിന്റെ വാസ്തുശില്പി.**



വിനോദസഞ്ചാര കേന്ദ്രങ്ങളാലും പഴമയുടെ തെളിമ വിളിച്ചോതുന്ന നിർമിതികളാലും മനോഹരമാണ് ബോംബെ നഗരം.സാധ്യതകളനവധിതേടിപ്പോകുന്നവർക്കുള്ള വിശ്രമകേന്ദ്രം. സ്വപ്നതുല്യമായ വികസനങ്ങളാൽ സമ്പന്നവുമാണ് ബോംബെ.

എക്സ്പെഡീഷ്യ' 23 യുടെ ബോംബെയിലെ അവസാന രാത്രി പർച്ചേസിനായി തുറന്നു തന്നു. തെരുവുകളിൽ കുറേ കറങ്ങിനടന്ന ശേഷം ചെറിയൊരു ജ്യൂസ് കടയിൽ കയറി. കാഴ്ചയിൽ മാത്രമായിരുന്നു ചെറുത്. വ്യത്യസ്ത പാനീയങ്ങൾ നിരത്തി വെച്ചിരുന്നു, അമ്പതോളം ഇനം സർബത്തുകൾ അവിടെ ഉണ്ട്, 15 രൂപക്ക് ശാഹി സർബത്ത് (എല്ലാവരും കേൾക്കാനിടയുള്ള മുഹബത് കാ സർബത് പോലെ) കുടിച്ച് കൊണ്ടിരിക്കെ, ഒരു വാഹനത്തിൽ രണ്ട് കുട്ടികൾ ബാബാ എന്ന് ജ്യൂസ്കാരനെ വിളിക്കുന്നത് കേട്ടു,അവരാരാണെന്ന് അയാളോട് ചോദിച്ചു. ഡെയ്ലി കസ്റ്റമർ എന്ന മറുപടിയിൽ ആശ്ചര്യം തോന്നി! അവരോടൊന്ന് സംസാരിക്കാം... മുറിയിംഗ്ലീഷ് വെച്ച് ഞങ്ങൾ തുടങ്ങിയപ്പോഴേക്ക് മനോഹരമായ ഇംഗ്ലീഷിലൂടെ കൂട്ടത്തിലുണ്ടായിരുന്ന പെൺകുട്ടി മറുപടി നൽകി. ആലിയ എന്നായിരുന്നു അവളുടെ പേര്. കൂടെയുള്ളത് അനിയൻ. ഒന്നിലാണ് അവൻ പഠിക്കുന്നത്, അവൾ നാലിലും.

സംസാരം നാട്ടിലെ പഠനരീതികളിലേക്ക് കൂടി നീങ്ങി. നാട്ടിലെ കൂടുതൽ ജനങ്ങളും പ്ലസ് ടു കഴിഞ്ഞാൽ പിന്നീട് പഠിക്കുകയില്ലന്നും ജോലി ലക്ഷ്യമാക്കുമെന്നും അവൾ പറഞ്ഞു. പക്ഷേ, ഇവിടെ പഠിക്കാൻ ധാരാളം സൗകര്യങ്ങൾ ഉണ്ടെന്നും ജോലി സാധ്യതകൾ ഉണ്ടെന്നും മുംബൈ പഴയ മുംബൈ അല്ലെന്നും അത് തിരിച്ചറിയാത്ത പലരും ഇവിടെ ചേരികളിൽ ജീവിക്കുന്നുണ്ടെന്നും പറഞ്ഞു. ചെറിയ ക്ലാസ്സിൽ നിന്ന് എങ്ങനെയാണ് ഇത്ര പക്വതയോടെ കാര്യങ്ങൾ പറയുന്നത് എന്ന് ചോദിച്ചപ്പോൾ എനിക്ക് വീട്ടിൽ നിന്ന് പറഞ്ഞു തന്നതാണ് എന്നായിരുന്നു മറുപടി. നേടിയെടുക്കേണ്ട അവകാശങ്ങളെ തിരിച്ചറിയുന്നവർ മുംബൈയിൽ ഉയർന്നു വരുന്നുണ്ട് എന്ന് ബോധ്യപ്പെടുത്തുന്നതായിരുന്നു ആലിയയുടെ വാക്കുകൾ. ജ്യൂസ് കുടിച്ച് അവളും അനിയനും വാഹനത്തിൽ യാത്രയായി.

അപ്പോഴേക്ക് സമയം 11 മണി കഴിഞ്ഞിരുന്നു. രാവിലെ നേരത്തെ പോകണമെന്ന് പറഞ്ഞ് ഞങ്ങളെ ഉറക്കാനായി യാത്രാ ലീഡർമാർ കഷ്ടപ്പെട്ടു.നഗരത്തിന്റെ നിശബ്ദതയിൽ ഞങ്ങൾ ഉറക്കത്തിലേക്ക് വീണു.

ഉറക്കമുണർന്നത് പൂനെയിലേക്ക് പോകാനുള്ള ആവേശത്തോടെയാണ്. താമസസ്ഥലത്ത് നിന്ന് നേരത്തെ ഇറങ്ങണമെന്നതിനാൽ കാര്യങ്ങൾ വേഗത്തിലാക്കി. ഞങ്ങല്ലാവരും ഒരു ചെറിയ കടയുടെ ആരംഭത്തിന് ഒത്തുചേർന്നു.. മലയാളി ഹോട്ടലിൽ നിന്ന് പ്രഭാത ഭക്ഷണം കഴിച്ചിറങ്ങവെ മുഷിഞ്ഞ വസ്ത്രവുമണിഞ്ഞ് ഒരു പെൺകുട്ടി കൈനീട്ടി ഒരേഴ് വയസ് പ്രായം. ആദ്യം മനസ്സിൽ നിറഞ്ഞ പുച്ഛം പിന്നീട് സഹതാപമായി മാറി. കീശയിൽ കയ്യിട്ട് അവളിലേക്ക് കുനിഞ്ഞു.

തപ്പിത്തപ്പി, വാക്കുകൾ കൂട്ടിച്ചേർത്ത് അവളോട് വിവരങ്ങൾ ചോദിക്കാൻ തുടങ്ങി. മറുപടിയിൽ നിന്ന് എല്ലാം കൃത്യമായില്ലെങ്കിലും ചിലത് മനസ്സിൽ പതിഞ്ഞു. പേര് കൃതി, അവൾക്കൊപ്പം വേദനിപ്പിക്കുന്ന അവസ്ഥകൾ ചേർന്നിട്ട് കുറച്ചധികമായി. ആശ്വാസമായൊന്ന് കണ്ണടക്കാൻ തീവണ്ടിത്താവളങ്ങളാണഭയം. ഒരനിയത്തിയുണ്ട്.ചെറിയ സംഖ്യ അവളിലേക്ക് നീട്ടി, അതും വാങ്ങി ഓടിയകന്നു. കുറച്ചകലെ നിന്നിരുന്ന അമ്മയിലേക്ക് നീട്ടി..

വേഗം പോകണം.. ഉസ്താദ്

**ഒരു വാഹനത്തിൽ രണ്ട് കുട്ടികൾ ബാബാ എന്ന് ജ്യൂസ്കാരനെ വിളിക്കുന്നത് കേട്ടു,അവരാരാണെന്ന് അയാളോട് ചോദിച്ചു. ഡെയ്‌ലി കസ്റ്റമർ എന്ന മറുപടിയിൽ ആശ്ചര്യം തോന്നി! അവരോടൊന്ന് സംസാരിക്കാം. മുറിയിംഗ്ലീഷ് വെച്ച് ഞങ്ങൾ തുടങ്ങിയപ്പോഴേക്ക് മനോഹരമായ ഇംഗ്ലീഷിലൂടെ കൂട്ടത്തിലുണ്ടായിരുന്ന പെൺകുട്ടി മറുപടി നൽകി.**

ഓർമ്മപ്പെടുത്തി.. നടന്ന് കുറച്ചകലെ എത്തിയപ്പോൾ പിറകിലേക്ക് നോക്കി .. മനസ്സ് കുളിരണിയിപ്പിക്കുന്ന കാഴ്ച്ച!. കടയിൽ നിന്ന് അമ്മ വാങ്ങിക്കൊടുത്ത ബന്നുമായി അവൾ അനിയത്തിക്ക് മുന്നിൽ നൃത്തം ചെയ്യുന്നു..!. ഹൃദയം നിറച്ച കാഴ്ച്ച, മധുരം..

യാത്ര ശിവാജി ടെർമിനിലേക്കാണ് (**CST** റെയിൽവേ സ്റ്റേഷൻ). അതിനായി ബസ്സും, തീവണ്ടിയും മാർഗ്ഗമാക്കി അധികം പോകണം. ചെയ്ത യാത്രകളെ മുൻനിർത്തി ഈ യാത്രയെ കൂട്ടിച്ചേർക്കൽ സാധ്യമല്ലായിരുന്നു. ബുദ്ധിമുട്ടുകളൊന്നും യാത്രയിലുടനീളം ഇല്ലായിരുന്നു. അതിനാൽ തന്നെ വളരെ പെട്ടന്ന് **CST** യിൽ എത്തിച്ചേർന്നു.

എത്തിയ ഉടനെ അബ്ദുള്ള ഉസ്താദ് ദൃതിയിൽ ഞങ്ങളെ സ്റ്റേഷന് പുറത്തേക്കാണ് കൊണ്ടുപോയത്. ട്രെയിനിന് വെറും 20 മിനിറ്റ് മാത്രമുള്ളപ്പോൾ ഇതെങ്ങോട്ടേക്കാണെന്ന് ചിന്തിപ്പിച്ചു.

ഇസ്ലാമിക ദഅവത്തിനായി ജീവിതം മാറ്റിവെച്ച സൂഫീ വര്യരുടെ മഖ്ബറകൾ ധാരാളമായി ഉത്തരേന്ത്യയിലെ മറ്റു പല സ്ഥലങ്ങളിലെയും പോലെ മുംബൈലും പ്രസിദ്ധമാണ്.. സി.എസ്.റ്റി സ്റ്റേഷന് ഏകദേശം 500 മീറ്റർ അകലെയുള്ള ഹസ്രത് സയ്യിദ് ബിസ്മില്ലാഹ് ഷാഹ് രിഫാഈ ഖാദിരി (റ.അ) വിന്റെ ദർഗയിലേക്കായിരുന്നു പോയത്. ദർഗ സ്ഥിതി ചെയ്യുന്നത് ചെറിയൊരു മുറിയിലാണെങ്കിലും അത് വളരെ പ്രസിദ്ധമാണെന്ന് അതിരാവിലെ അവിടം എത്തിച്ചേരുന്ന ജനങ്ങളെ കണ്ടപ്പോൾ ബോധ്യപ്പെട്ടു.

ഏകദേശം 260 വർഷം പഴക്കമുണ്ട് ഈ ദർഗക്ക്. മഖ്ബറയെ സംബന്ധിച്ച് കറാമത്തുകൾ നിറഞ്ഞ കഥകളാണ് കേൾവി. **CST** സ്റ്റേഷന്റെ നിർമാണ വേളയിൽ അതിനരികിൽ പാളങ്ങൾ സ്ഥാപിക്കുമ്പോഴെല്ലാം അത് അപ്രത്യക്ഷമാവുകയോ നാശനഷ്ടങ്ങൾ

**മഖ്ബറയെ സംബന്ധിച്ച് കറാമത്തുകൾ നിറഞ്ഞ കഥകളാണ് കേൾവി. CST സ്റ്റേഷന്റെ നിർമാണ വേളയിൽ അതിനരികിൽ പാളങ്ങൾ സ്ഥാപിക്കുമ്പോഴെല്ലാം അത് അപ്രത്യക്ഷമാവുകയോ നാശനഷ്ടങ്ങൾ സംഭവിക്കുകയോ ചെയ്തു. തുടർന്നുള്ള അന്വേഷണത്തിലാണ് ഒരു സൂഫീ പണ്ഡിതനെ അവിടം മറവ് ചെയ്തതായി വിവരം ലഭിച്ചത്.**

സംഭവിക്കുകയോ ചെയ്തു. തുടർന്നുള്ള അന്വേഷണത്തിലാണ് ഒരു സൂഫീ പണ്ഡിതനെ അവിടം മറവ് ചെയ്തതായി വിവരം ലഭിച്ചത്. അങ്ങനെ ഗവൺമെന്റ് സഹായത്തോടെ ദർഗാ സംരക്ഷണം പൂർത്തിയാക്കി.

യാത്ര പോകാനുദ്ദേശിക്കുന്നവർ സുരക്ഷിതമായ യാത്രക്കായി ഇവിടം സന്ദർശിക്കാറുണ്ടെന്ന് അറിയാൻ കഴിഞ്ഞു.

പഠനയാത്രയെക്കുറിച്ച് പറഞ്ഞപ്പോൾ, യാത്ര നമ്മുടെ മനസ്സിനെ മൃതുലമാക്കുമെന്ന് ബശീർ അസ്ഹരി ഉസ്താദ് പറഞ്ഞതിന്റെ പൊരുൾ ചെറിയ സമയം കൊണ്ടായിരുന്നു ബോധ്യപ്പെട്ടത്. വികസനങ്ങൾക്കു നടുവിൽ തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് അറിവില്ലാതെ ജീവിക്കുന്നവർ, അറിഞ്ഞിട്ടും നേടിയെടുക്കാനുള്ള സാഹചര്യം ലഭിക്കാത്തവർ, കൃതിയും ആലിയയും പ്രതീകങ്ങൾ മാത്രം.

ഇനിയും മനസ്സിനെ കഠിനമാക്കി നിർത്താൻ എനിക്കെന്താണുള്ളത്..?



● സഫൽ ഹുസൈൻ

# അനുഭവങ്ങളുടെ കളർ ഫുൾ ചിത്രങ്ങൾക്ക് നടുവിൽ ശനിവാർ വാഡ യെന്ന ചരിത്ര സ്മാരകം

288 വർഷം പഴക്കമുമുള്ള പൗരാണികത പേറുന്ന കോട്ടയാണ് ശനിവാർ വാഡ. മഹാരാഷ്ട്രയിലെ പൂനെ നഗരത്തിലാണ് സ്ഥിതി ചെയ്യുന്നത്. മറാത്ത സാമ്രാജ്യത്തിലെ ശിവജിയുടെ പിന്മുറക്കാരനായ ചക്രവർത്തി  ഷാഹുവിന്റെ പേഷ്വാ ആയിരുന്ന ബാജിറാവു പണി കഴിപ്പിച്ചതാണ് ഈ കോട്ട.1732-ൽ കോട്ടയുടെ നിർമാണം പൂർത്തിയായി. 1732 ജനുവരി 22 ശനിയാഴ്ചയാണ് ശനിവാർ വാഡയിൽ ബാജിറാവു താമസം തുടങ്ങുന്നത്.



യാത്രയിലൂടെ പലതും പഠിക്കാനുണ്ടെന്ന് പലരും പറഞ്ഞു കേട്ടിട്ടുണ്ട്. ഈയൊരു കേൾവിയെ യാഥാർത്ഥ്യമാക്കുന്നതായിരുന്നു ഈ വർഷത്തെ മുംബൈയിലേക്കുള്ള യാത്ര. ധാരാളം തെരുവുകളെയും അവിടുത്തെ ഒട്ടനവധി ജീവിതങ്ങളെയും ചെറിയ രീതിയിൽ എങ്കിലും മനസ്സിലാക്കാനുള്ള അനുഭവങ്ങൾ ഈ യാത്ര സമ്മാനിച്ചിട്ടുണ്ട്. എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഒരു യാത്രകൂടെ ആയിരുന്നു 2022-23 വർഷത്തെ ഈ പഠനയാത്ര. യാത്രയെ ഒന്നുകൂടെ ഓർമയിൽ അടയാളപ്പെടുത്താൻ വേണ്ടി തെരുവുകളിൽ നിന്നും ട്രെയിനിൽ നിന്നും പലരുമായി സംസാരിക്കാൻ ശ്രമിച്ചിട്ടുണ്ട്. പോളണ്ടുകാരൻ റോബർട്ടും ചെറിയ പ്രായത്തിൽ തന്നെ വലിയ പക്വത കാണിക്കുന്ന നാലാം ക്ലാസുകാരി ആലിയയും അവളുടെ കൊച്ചനുജൻ ഹർബ്നുമെല്ലാം ഈ യാത്രാ പുസ്തകത്തിൽ കുറിച്ചിട്ട സൗഹൃദങ്ങളിൽ ചിലത് മാത്രം. ഈ സംസാരങ്ങളിൽ നിന്നും അവരുടെ അനുഭവങ്ങൾ പകർത്തുന്നതിന് പുറമേ ഹൃദയത്തിൽ നിന്നും എന്തൊക്കെയോ ഭാരങ്ങൾ ഒഴിഞ്ഞു പോയതുപോലെ അനുഭവപ്പെട്ടിട്ടുണ്ട്. ഞാനെന്റെ മനോരാജ്യത്ത് പടുത്തുയർത്തിയ ഒരുപാട് മുൻവിചാരങ്ങളെ കാറ്റിൽ പറത്തി കൊണ്ടായിരുന്നു യാത്രയിലെ മുൻപോട്ടുള്ള ഓരോ ചലനങ്ങളും.

സ്വപ്നങ്ങളുടെ നഗരമായ മുംബൈയിലെ ബിസ്മില്ലാ ഷാ ബാബ ദർഗ്ഗ സന്ദർശനത്തിനുശേഷം പൂനെ നഗരത്തിലെ ചരിത്രപ്രസിദ്ധമായ 'ശനിവാർ വാഡ' യിലേക്കായിരുന്നു ഞങ്ങളുടെ യാത്ര. ഞെരിഞ്ഞമർന്ന സമയം  പെട്ടെന്ന് തന്നെ ട്രെയിനിൽ കയറാൻ നിർബന്ധിതനാക്കി. ട്രെയിനിന്റെ അവസാനഭാഗത്തായിരുന്നു ഞങ്ങൾക്കുള്ള ജനറൽ കമ്പാർട്ട്മെൻറ്. സി എസ് ടി റെയിൽവേ സ്റ്റേഷനിൽ ഞങ്ങളെയും കാത്തുകിടക്കുന്ന തീവണ്ടിയുടെ അവസാന കമ്പാർട്ട്മെന്റിലേക്ക് തുടക്കം മുതൽ ഒടുക്കം വരെ നിർത്താതെ ഓടി. കിതച്ചു ചെന്ന്

**സി എസ് ടി റെയിൽവേ സ്റ്റേഷനിൽ ഞങ്ങളെയും കാത്തുകിടക്കുന്ന തീവണ്ടിയുടെ അവസാന കമ്പാർട്ട്മെന്റിലേക്ക് തുടക്കം മുതൽ ഒടുക്കം വരെ നിർത്താതെ ഓടി. കിതച്ചു ചെന്ന് ഒഴിഞ്ഞു കിടക്കുന്ന മുകളിലത്തെ ബർത്തിൽ കയറിയിരുന്നു. ഞങ്ങളെ ഏവരെയും അത്ഭുതപ്പെടുത്തിയ മുംബൈ നഗരത്തിലെ തിരക്ക് ആ സമയത്ത് ട്രെയിനിൽ ദൃശ്യമില്ലായിരുന്നില്ല.**

ഒഴിഞ്ഞു കിടക്കുന്ന മുകളിലത്തെ ബർത്തിൽ കയറിയിരുന്നു. ഞങ്ങളെ ഏവരെയും അത്ഭുതപ്പെടുത്തിയ മുംബൈ നഗരത്തിലെ തിരക്ക് ആ സമയത്ത് ട്രെയിനിൽ ദൃശ്യമില്ലായിരുന്നില്ല. പക്ഷേ അടുത്ത സ്റ്റേഷനിൽ നിന്നും ജനങ്ങൾ ട്രെയിനിലേക്ക് ഇരച്ചു കയറി. കയറിയ ജനങ്ങൾക്കിടയിൽ നിന്ന് മറാട്ടി ഭാഷയിൽ ഒരു സ്ത്രീ ഞങ്ങളെ നോക്കി എന്തൊക്കെയോ പറയുന്നു. അവരുടെ കൈകളിൽ പിടിച്ചു രണ്ടു കുട്ടികൾ നിൽക്കുന്നുണ്ടായിരുന്നു. സംസാരത്തിന്റെ ശബ്ദം ആഘോഷമായി വ്യതിചലിച്ചപ്പോഴാണ് ബർത്തിലെ ബാഗ് മാറ്റാനാണ് ഞങ്ങളോട് പറയുന്നതെന്ന് മനസ്സിലായത്. ആ സ്ത്രീ ഒരു കുട്ടിയെ ഞങ്ങൾക്കരികിൽ ഇരുത്തി. അവരുടെ മുഖത്തെ കാഠിന്യം അപ്പോഴൊന്നും തെല്ലും കുറഞ്ഞിരുന്നില്ല. കയ്യിലുണ്ടായിരുന്ന മിഠായി കുട്ടിക്ക് കൊടുത്ത് ഞങ്ങൾ കുട്ടിയെയും തള്ളയെയും കയ്യിലെടുത്തു.

രണ്ടുമണിക്കൂർ യാത്രക്ക് ശേഷം 12:24 ന് ഞങ്ങൾ പുനെ റെയിൽവേ സ്റ്റേഷനിൽ കാലുകുത്തി. മുംബൈയെ അപേക്ഷിച്ച് വളരെയേറെ വൃത്തിയുള്ളതായിരുന്നു പൂനെ നഗരം. റെയിൽവേ സ്റ്റേഷനിൽ നിന്നും അല്പം നടന്ന് 12:33 ന് ശനിവാർ വാഡയിലേക്ക് ബസ് കയറി. നടത്തത്തിനിടയിൽ പലരും ഞങ്ങളിലേക്ക് കണ്ണുനട്ടു. ബസ്സിറങ്ങി നടക്കുമ്പോൾ കണ്ട സൈക്കിളിൽ പുറപ്പെടാൻ ഒരുങ്ങുന്ന പോസ്റ്റുമാൻമാരും

പുനെ നഗരം സമ്മാനിച്ച വ്യത്യസ്തമായ കാഴ്ചകളിൽ ഒന്നാണ്. പരമ്പരാഗതമായി പൂനെ നിലനിർത്തി പോരുന്ന തനിമയെ ഞങ്ങളുടെ അവിടുത്തെ എല്ലാ കാഴ്ച്ചകളിലും വ്യക്തമായിരുന്നു. പൂനെയുടെ മഹിമയാർന്ന തെരുവ് സൗന്ദര്യങ്ങളെ ആവോളം ആസ്വദിച്ചു ലക്ഷ്യസ്ഥാനമായ ശനി വാർ വാഡയിൽ ഞങ്ങളെത്തി.

1732 ൽ പണിത 291 വർഷം പഴക്കമുള്ള കോട്ടയാണ് ശനിവാർ വാഡ.1818 വരെ മറാത്ത സാമ്രാജ്യത്തിലെ പേഷ്വമാരുടെ കേന്ദ്രമായിരുന്നു ശനിവാർ വാഡ. മറാത്ത സാമ്രാജ്യത്തിന്റെ ഉദയത്തെ തുടർന്ന് ഈ കോട്ട ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ഭാഗമായി മാറി. ഈ കോട്ട അടിഭാഗം കല്ലുകൊണ്ടും ബാക്കിയുള്ള ഭാഗം ഇഷ്ടിക കൊണ്ടുമാണ് നിർമ്മിച്ചത്. ദേശീയ തലസ്ഥാനമായ സത്താറയിലെ ആളുകൾ രാജാവ് മാത്രമാണ് കല്ലുകൊണ്ട് സ്വയം കോട്ട നിർമ്മിക്കേണ്ടതെന്നും രാഷ്ട്രപ തിമാർ കല്ലുകൾ കൊണ്ട് കോട്ട നിർമിക്കാറില്ലെന്നും പറഞ്ഞതിനെ തുടർന്ന് രാജാവ് ഛത്രപതി ശാഹു മഹാരാജിൻറെ കൽപ്പന പ്ര കാരമാണ് ബാക്കിഭാഗം ഇഷ്ടികകൾ കൊണ്ട് പണികഴിപ്പിച്ചത്. ബ്രിട്ടീഷ് അക്രമണത്തിന് ഇരയായ കോട്ട വീണ്ടും പുനർ നിർമ്മിച്ചു. ഇന്ന് ശനിവാർ വാഡ ഒരു ചരിത്ര സ്മാരകമായി നിലനിൽക്കുന്നു.

കോട്ടയിൽ കയറാൻ വേണ്ടി ടിക്കറ്റ് കൗണ്ടറിന്റെ അടുത്ത് എത്തിയ ദഅവാ വിദ്യാർത്ഥികളായ ഞങ്ങളെ സെക്യൂരിറ്റിക്ക് ശരിക്കങ്ങ് ബോധിച്ചു. കേരളത്തിൽ നിന്നാണെന്ന് കൂടെ പറഞ്ഞപ്പോൾ അയാൾ ഒന്നുകൂടെ അടുത്തു. ടിക്കറ്റ് എടുക്കാൻ വേണ്ടി എൻട്രൻസിന് സമീപത്ത് നിൽക്കുന്ന എന്നെ പതിയെ തോണ്ടിയശേഷം കയറിക്കൊള്ളാൻ ആരും കാണാതെ അയാൾ ആംഗ്യം കാട്ടി. ആ സെക്യൂരിറ്റിയുടെ ഫ്രീ പാസിൽ ഞാൻ ശനിവാർ വാഡ എന്റെ മനസ്സിൽ കുറിച്ചിട്ടു. കന്തൂറയും തലപ്പാവും ധരിച്ച വിദ്യാർത്ഥികളിൽ ചിലരെ കണ്ടപ്പോൾ 'സൗദിയിൽ നിന്നാണോ വരുന്നത്?' എന്നായിരുന്നു ചിലരുടെ ചോദ്യം. ഇന്ത്യയിൽ പൊതുവെ ഇത്തരം നിർമ്മിതികൾ നടത്തിയത് കൂടുതലും മുഗളന്മാരും ഡൽഹി സുൽത്താന്മാരുമാണ്. അവരുടെ നിർമ്മിതികളെ ഓർമ്മിപ്പിക്കും വിധമാണ് ശനിവാർ വാഡ.

ചരിത്രമുറങ്ങുന്ന ശനിവാർ വാഡയുടെ മതിൽക്കെട്ടുകൾക്ക് മുകളിലൂടെ നടന്നുകൊണ്ടിരിക്കുമ്പോൾ ആയിരുന്നു അബ്ദുല്ല ഉസ്താദിൻറെ വാട്സ്ആപ്പ് മെസ്സേജ് 'ശനിവാർ വാ ഡയിലെ വട കണ്ടു കഴിഞ്ഞെങ്കിൽ വേഗം ഇറങ്ങികൊള്ളൂ... മൃഗശാലയിൽ നമ്മെയും കാത്ത് ഒരുപാട് കൂട്ടുകാർ കാത്തിരിക്കുന്നു'.

**കോട്ടയിൽ കയറാൻ വേണ്ടി ടിക്കറ്റ് കൗണ്ടറിന്റെ അടുത്ത് എത്തിയ ദഅവാ വിദ്യാർത്ഥികളായ ഞങ്ങളെ സെക്യൂരിറ്റിക്ക് ശരിക്കങ്ങ് ബോധിച്ചു. കേരളത്തിൽ നിന്നാണെന്ന് കൂടെ പറഞ്ഞപ്പോൾ അയാൾ ഒന്നുകൂടെ അടുത്തു. ടിക്കറ്റ് എടുക്കാൻ വേണ്ടി എൻട്രൻസിന് സമീപത്ത് നിൽക്കുന്ന എന്നെ പതിയെ തോണ്ടിയശേ ഷം കയറിക്കൊള്ളാൻ ആരും കാണാതെ അയാൾ ആംഗ്യം കാട്ടി.**



അജ്നാസ് ഉളിയിൽ

# ആനയും കടുവയും പിന്നെ കുറെ പാമ്പുകളും

രാജീവ് ഗാന്ധി മൃഗശാല അല്ലെങ്കിൽ കത്രാജ് മൃഗശാല എന്നറിയപ്പെടുന്നു ,മഹാരാഷ്ട്ര സംസ്ഥാനത്തിലെ പൂനെ ജില്ലയിലെ കത്രാജിലാണ് സ്ഥിതി ചെയ്യുന്നത് . പൂനെ മുനിസിപ്പൽ കോർപ്പറേഷനാണ് ഇത് നിയന്ത്രിക്കുന്നത് . 130 ഏക്കർ (53 ഹെക്ടർ) മൃഗശാലയെ മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു



**മറ്റു 'സൂ'കളിൽ ഒരു ഏക്കറിൽ ഉൾകൊള്ളുന്ന ജീവികൾ ഇവിടെ ഇരുപത് ഏക്കറോളം പരന്നു കിടക്കുന്നതായി കാണാം മനുഷ്യ ഇതര ജീവീ സംരക്ഷണത്തിന് ഇത്രയും വിശാല സൗകാര്യം ഉണ്ടായിട്ടും ഇന്ത്യയിൽ മനുഷ്യഇതര ജീവികളുടെ സുരക്ഷിതം കുറയുന്നത് ആശ്ചര്യാജനകമാണ്.**



ശനിവാർ വാഡ കോട്ടയിലെ ആൽമര ചുവട്ടിലിരിക്കുമ്പോഴാണ് അബ്ദുല്ല ഉസ്താത് ഗ്രൂപ്പിൽ മെസ്സേജ് അയച്ചത്, പെട്ടെന്ന് ഇറങ്ങിയാൽ മൃഗങ്ങളുമായി കൂടുതൽ ടൈം കൂട്ടുകൂടാം എന്ന്.

പൂനെ രാജീവ് ഗാന്ധി സുവോളജിക്കൽ പാർക്ക് ആണ് ലൊക്കേഷൻ . 'സൂ'എന്ന് കേട്ടപ്പോൾ തന്നെ, മനസ്സിൽ മിന്നി മറഞ്ഞത് മൈസൂരിലെ കാഴ്ചകളാണ്.
പൂനെ മുനിസിപ്പൽ കോർപ്പറേഷനാണ് ഇതിന്റെ നടത്തിപ്പ് . 130 ഏക്കർ (53 ഹെക്ടർ) വിസ്തൃതിയുള്ള പാർക്കിനെ animal orphanage, snake park, zoo എന്നിങ്ങനെ മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. കൂടാതെ 42 ഏക്കർ (17 ഹെക്ടർ) വിസ്തൃതിയിൽ കത്രാജ് തടാകവും പാർക്കിൽ സ്ഥിതി ചെയ്യുന്നു. 362 ലധികം ജീവികളെ പാർക്കിൽ കാണാൻ കഴിയും.
മൈസൂർ മൃഗശാലയെ അപേക്ഷിച്ചു എത്രയോ പിന്നിലാണ് ഇവിടുത്തെ സ്ഥിതി ഗതികൾ എന്ന് വ്യക്തമാക്കുന്ന കാഴ്ച്ചകളാണ് അവിടെ ഞങ്ങൾക്ക് കാണാനായത്.

മറ്റു 'സൂ'കളിൽ ഒരു ഏക്കറിൽ ഉൾകൊള്ളുന്ന ജീവികൾ ഇവിടെ ഇരുപത് ഏക്കറോളം പരന്നു കിടക്കുന്നതായി കാണാം മനുഷ്യ ഇതര ജീവീ സംരക്ഷണത്തിന് ഇത്രയും വിശാല സൗകാര്യം ഉണ്ടായിട്ടും ഇവിടെ മനുഷ്യഇതര ജീവികളുടെ സുരക്ഷിതം കുറയുന്നത് ആശ്ചര്യാജനകമാണ് . പൊതുമുതലിൽ നിന്ന് ഭീമമായ തുക സ്ഥിരമായി വകവെക്കുകയും ചെലവാക്കുകയും ചെയ്തിട്ടും സുഖകരമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്നത് അപകടകരമാണ്. നീണ്ടു കിടക്കുന്ന ഒരുപാട് സ്ഥലങ്ങൾ ശൂന്യമായി കിടക്കുന്നതു കാണാം. ഈ പാർക്കിലെ അധികഭാഗവും ഇങ്ങനെ തന്നെയാണ്. 130 ഏക്കറോളം നീണ്ടു കിടക്കുന്ന ഇവിടെ വളരെ കുറഞ്ഞ ജീവികളെ മാത്രമെ സംരക്ഷിക്കുന്നുള്ളൂ. ഇന്ത്യയിൽ മനുഷ്യേതര ജീവികളുടെ പലവിധ പ്രതിസന്ധികൾ ചുവപ്പുനാടകളിൽ തുടരുമ്പോൾ അവിടെ കണ്ട ഇത്തരം കാഴ്ചകൾക്ക് വലിയ ബന്ധമുണ്ടെന്ന് മനസ്സിൽ തോന്നി. സിംഹവും പുലിയുമെല്ലാം ഏല്ലാവരും ഉച്ച മയക്കത്തിലായിരുന്നതിനാൽ പലരുടെയും മുഖം കാണാനായില്ല. രാജീവ് ഗാന്ധി സുവോളജിക്കൽ പാർക്കിൽ നിന്നും ഖമറലി ദർവീഷ് ദർഗ ലക്ഷ്യമാക്കി ഞങ്ങൾ യാത്ര തുടർന്നു. പെയ്തു തീരാത്ത ഓർമക്കുളിരിൽ...

സഹദ് ചൊക്ലി

# ഹസ്രത് ബാബ കമർ അലി ദർവേശ് (റ)

മുംബൈ നഗരത്തിൽ നിന്നും 16 കിലോമീറ്റർ അകലെ പൂനെയോട് ചേർന്നു സ്ഥിതി ചെയ്യുന്ന പ്രസിദ്ധമായ ദർഗയാണ് ഹസ്രത് കമർ അലി ദർവേശ് ദർഗ. പൂനെ സതാര ഹൈവേയിൽ സ്ഥിതി ചെയ്യുന്ന ഇതിന് പ്രത്യേകതകൾ ധാരാളമുണ്ട്



രാജീവ് ഗാന്ധി സുവോളജിക്കൽ പാർക്ക് സന്ദർശന ശേഷം അഞ്ചര മണിക്കാണ് പൂനയിലെ പ്രധാന ദർഗ്ഗയിലേക്ക് പുറപ്പെടുന്നത്. ഇത്തിരി കാത്തിരിന്നിട്ടും പ്രതീക്ഷിച്ച ബസ് വരാത്തത് കാരണം നേരെ നിസ് കരിക്കാൻ വേണ്ടി അടുത്തുള്ള പള്ളി തിരഞ്ഞെടുത്തു.
ഇനി ശാന്തമായി സമാധാനത്തോടെ മഹാനുഭാവന്റെ അടുത്തേക്ക് മദദും തേടിയുള്ള ഒരു സുന്ദര യാത്ര. കത്റജിൽ നിന്നും മൂന്ന് ടാക്സികളിലായി മലയും ചുരവും കടന്ന് വാഹനം മുന്നോട്ട് നീങ്ങി. മല മുകളികലെത്തിയ വാഹനത്തിൽ നിന്നും തുറിച്ച കണ്ണുകൾ പൂനെ നഗരത്തെ അക്ഷരാർത്ഥത്തിൽ

**സിയറാത്തിന് ശേഷം അവിടുന്ന് ഇറങ്ങുമ്പോൾ കേരളത്തിൽ നിന്ന് മറ്റൊരു സംഘം കൂടെ അവിടെയെത്തിയത് കൗതുകം നൽകുന്ന കാഴ്ചയായിരുന്നു. മഹാനാവറുകളുടെ കറാമത് എന്നോണം മഖ്ബറയുടെ മുമ്പിൽ ഒരു കല്ലും നമുക്ക് കാണാം. പതിനൊന്ന് പേർ ഒരുമിച്ച് ഒരു വിരൽ കൊണ്ട് അവിടുത്തെ പേര് പറയൽ കൊണ്ട് ഉയർത്താൻ കഴിയും.**

ആസ്വദിക്കുകയായിരുന്നു. ചിലർ ചിത്രങ്ങൾ പകർത്തുന്നു. മറ്റു ചിലർ മധുരങ്ങൾ പങ്ക് വെക്കുന്നു. രസകരമായ തമാശകൾ പറഞ്ഞും ചിരിച്ചും മുമ്പോട്ട് നീങ്ങി ഇടയിൽ അറിയപ്പെട്ടൊരു തുരങ്കവും കൂടെ കടന്നു.മൂന്ന് ടാക്സികൾ തമ്മിൽ മത്സരം പോലെ അതിവേഗത്തിൽ തന്നെ നമ്മൾ ഖമറലി ദർവേശിന്റെ ദർബാറിലെത്തി.
തീർത്തും ആത്മീയനുഭൂതി പരത്തുന്ന മണ്ണ്. ഒരു തരി പൊടി മണ്ണ് പോലുമില്ലാത്ത മാർബിൾ വിരിച്ച നിലം. ശബ്ദ കോലാഹലങ്ങളോ അനാചാരങ്ങളോ ഇല്ലാത്ത പ്രകൃതം. ഇത്തിരി കച്ചവടക്കാർ വഴിയോരങ്ങളിൽ പഴ വർഗ്ഗങ്ങളും മധുരങ്ങളും വിൽക്കുന്നു. മഖ്ബറയുടെ ചാരെയെത്തിയുടനെ മനസ്സിൽ നീട്ടിയൊരു സലാം പറഞ്ഞു. പുനെയിൽ നിന്ന് ഇരുപത്തഞ്ചു കിലോമീറ്റർ സഞ്ചരിച്ചാലെത്തുന്ന സതാര ഹൈവെയിലാണ് മഹാനായ ഖമറലി ദർവേശിന്റെ മഖ്ബറ സ്ഥിതി ചെയ്യുന്നത്. യഥാർഥ ഇസ്ലാമിനെ അറിഞ്ഞു, അതിന്റെ അന്തസത്തയിൽ ജീവിക്കുന്ന പുണ്യാത്മാക്കളെയാണ് സൂഫി എന്നു പറയുന്നത്. അത്തരത്തിൽ ഒരാളായിരുന്നുവത്രെ പീർ കമറലി ദർവേശ്. വെറും 18-ആമത്തെ വയസ്സിൽ മരണം സംഭവിച്ചുവെങ്കിലും ആ കാലയളവിനുള്ളിൽ പല കാര്യങ്ങളും അദ്ദേഹം ചെയ്യുകയും വിശ്വാസികൾക്ക് ഒരു വിശുദ്ധപുരുഷനായി മാറുകയും ചെയ്തിരുന്നു. ജിംനേഷ്യം തുടങ്ങിയ കാര്യങ്ങളിലും താല്പര്യമുള്ള ആളായിരുന്നു അദ്ദേഹം.
ആ ചുറ്റു വട്ടങ്ങളിൽ ഇസ്ലാമിന്റെ പ്രഭ പരാക്കാനുള്ള ഒരു പ്രധാനികൂടിയാണ് മഹാനാവാറുകൾ.
നമ്മുടെ അവസാനമിടമായതിനാൽ തന്നെ അബ്ദുള്ള ഉസ്താദിന്റെ ദീർഘമായൊരു പ്രാർത്ഥന കഴിയുമ്പോഴേക്കും സമയം രാത്രി ഏഴായി. ഉച്ച ഭക്ഷണം കഴിക്കാത്ത ക്ഷീണം പലരുടെയും മുഖത്ത് കാണാൻ കഴിയുന്നുമുണ്ട്. സിയറാത്തിന് ശേഷം അവിടുന്ന് ഇറങ്ങുമ്പോൾ കേരളത്തിൽ നിന്ന് മറ്റൊരു സംഘം കൂടെ അവിടെയെത്തിയത് കൗതുകം നൽകുന്ന കാഴ്ചയായിരുന്നു. മഹാനാവറുകളുടെ കറാമത് എന്നോണം മഖ്ബറയുടെ മുമ്പിൽ ഒരു കല്ലും നമുക്ക് കാണാം. പതിനൊന്ന് പേർ ഒരുമിച്ച് ഒരു വിരൽ കൊണ്ട് അവിടുത്തെ പേര് പറയൽ കൊണ്ട് ഉയർത്താൻ കഴിയും. അതിശയിപ്പുക്കുന്ന ആ കാഴ്ചക്കും നമ്മൾ സാക്ഷിയായി.

ഇനി വീണ്ടും കത്റജിലേക്ക് തന്നെയാണ് തിരിക്കേണ്ടത്, സിയാറത് യാത്ര സമ്മാനിച്ച ഒത്തിരി ഓർമ്മകൾ മനസ്സിൽ കാത്ത് സൂക്ഷിച്ച് വഴിയോര കാഴ്ചകളും നോക്കി നിന്ന് സതാര ഹൈവെയിലൂടെ വണ്ടി കുതിച്ചു നീങ്ങി.





Capture

സമയം 12:00 AM

**മുംബൈ തെരുവിൽ**
**വ്യദ്ധരായ മാതാവിൻ്റയും**
**പിതാവിൻ്റയും കാൽ**
**തിരുമ്മി ഉറക്കാൻ**
**ശ്രമിക്കുന്ന മകൻ**

📷 മുബശ്ശിർ ചെക്യാട്



Capture

**ചൂടുള്ള സൂര്യ കിരണ**
**ങ്ങളെ നെഞ്ചിലേറ്റി**
**തെരുവിലുറങ്ങുന്ന വൃദ്ധ**

📷 മുഹമ്മദ് വളപട്ടണം







Memories